# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൂറനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-ALP-P-6/565/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-6/565/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.എം.റോയ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.പി.അശോകൻ നായർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.സ്വപ്ന സുരേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.എ.ഷിഹാബുദ്ദീൻ | സെക്രട്ടറി | 01-04-2020 | 05-05-2020 |
| ശ്രീ.ടി.ജെ.ജോൺസൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2020 | 12-05-2020 |
| ശ്രീ.കെ.ജി.ഹരികുമാർ | സെക്രട്ടറി | 13-05-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിജി സൂസൻ ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 14-12-2020 |
| ശ്രീമതി. അശ്വതി.ആർ | കൃഷി ഓഫീസർ | 15-12-2020 | 31-03-2021 |
| ഡോ.ഡാനിയേൽ കോശി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. രഞ്ചുരാധാകൃഷ്ണൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 05-10-2020 |
| ശ്രീമതി. ശ്രീലേഖ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-10-2020 | 17-01-2021 |
| ശ്രീമതി. ഇന്ദുലേഖ.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-01-2021 | 31-03-2021 |
| ഡോ.സിമി.ആർ. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി. പത്മാക്ഷി.സി | ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജിത്ത്. എ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ഷെഫീക്ക്.എം.ടി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഇടപ്പോൺ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.ഷെഫീക്ക്.എം.ടി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പടനിലം സർക്കിൾ ഇൻ ചാർജ്ജ് | 01-04-2020 | 07-05-2020 |
| ശ്രീമതി. അശ്വതി വിജയൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പടനിലം | 08-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ടി.ജെ.ജോൺസൺ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.എം.പ്രദീപ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ.ഋഷി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-1 |
| 2 | ബജറ്റ് അവലോകനം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: T.M Roy (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-2 |
| 4 | വാർഷിക കണക്ക് പരിശോധന – അപാകതകൾ<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: T.M Roy (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)<br>Written By: T.M Roy (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: T.M Roy (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-5 |
| 8 | തൊഴിലുറപ്പപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ്<br>Written By: Lekha (Auditor, On 30-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-9 |
| 12 | നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-10 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-11 |
| 14 | വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-12 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല<br>Written By: Lekha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-13 |
| 16 | ലൈസൻസില്ലാതെ ഷോപ്പിംഗ് മാൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-14 |
| 17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-15 |

| | | |
|---|---|---|
| 18 | ബാലസഭ,വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ -വിനിയോഗരേഖകൾ ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-16 |
| 19 | അനുപൂരക പോഷകാഹാര പദ്ധതി 2020-21 – സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടിയ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-17 |
| 20 | ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല - സർക്കാരിന് നഷ്ടം<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-18 |
| 21 | പൊതുടാപ്പുകളുടെ വാട്ടർചാർജ് - എണ്ണത്തിലും അധികം ടാപ്പുകൾക്ക് ചാർജ് ഡിമാന്റ് ചെയ്യുന്നു<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-19 |
| 22 | പ്രൊക്യൂർമെന്റ് കമ്മിറ്റി -പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-20 |
| 23 | ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം നിർജ്ജീവ അവസ്ഥയിൽ<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-21 |
| 24 | ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-22 |
| 25 | അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം അധികചെലവ്<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-23 |
| 26 | സ്ട്രീറ്റ് മെയിൻ നീട്ടൽ (പ്രോ.നം 8/21) - പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-24 |
| 27 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 77/2021) - സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-25 |
| 28 | പാലിന് സബ്സിഡി അധികനിരക്കിൽ നൽകി<br>Written By: Lekha (Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-26 |
| 29 | വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-27 |
| 30 | വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോ.നം 66/21) - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-28 |
| 31 | പാലിയേറ്റീവ് കെയർ പ്രോജക്ട്-മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല<br>Written By: A.D.Beena (Asst. Audit Officer, On 31-05-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 16-06-2022) | |
| 32 | മരാമത്ത് പ്രവർത്തികളുടെ ദർഘാസ് പരസ്യം - ടെണ്ടർ തീയതിയ്ക്ക് ശേഷം പരസ്യം പ്രസിദ്ധീകരിച്ചു<br>Written By: T.M Roy (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-30 |
| 33 | കാലി വീപ്പ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-31 |
| 34 | പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് റീ ടാറിംഗ്- അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-06-2022) | 1-32 |
| 35 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-33 |
| 36 | എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് അനുവദിച്ചു<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 1-34 |
| 37 | പഴയ സ്കൂൾ കെട്ടിടം പൊളിച്ചപ്പോൾ ലഭ്യമായ പുനരപയോഗ യോഗ്യമായ വസ്തുക്കൾ ലേലം ചെയ്തില്ല<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-35 |
| 38 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-36 |
| 39 | ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-37 |
| 40 | തൊഴിലുറപ്പ് പദ്ധതി കയർഭൂവസ്ത്രം വിരിക്കൽ-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-38 |
| 41 | പദ്ധതി വിഹിതം ചെലവ് ആകെ ചെലവിന് ആനുപാതികമായി ക്രമപ്പെടുത്തിയില്ല<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-39 |
| 42 | കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം അധികചെലവ്<br>Written By: A.D.Beena (Asst. Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-1 |
| 2 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 77/2021) – സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു<br>Written By: T.M Roy (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-2 |
| 3 | പാലിന് സബ്സിഡി അധികനിരക്കിൽ നൽകി<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-3 |

| | | |
|---|---|---|
| 4 | കാലിവീപ്പ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-4 |
| 5 | പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് റീ ടാറിംഗ്- അപാകതകൾ<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-5 |
| 6 | നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-6 |
| 7 | നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-7 |
| 8 | പദ്ധതി വിഹിതം ചെലവ് ആകെ ചെലവിന് ആനുപാതികമായി ക്രമപ്പെടുത്തിയില്ല<br>Written By: Lekha (Auditor, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-8 |
| 9 | ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-9 |
| 10 | തൊഴിലുറപ്പ് പദ്ധതി കയർഭൂവസ്ത്രം വിരിക്കൽ-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 3-10 |
| 11 | ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല - സർക്കാരിന് നഷ്ടം<br>Written By: Rajeev R (Deputy Director, On 18-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 3-11 |
| ഭാഗം 4 | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-06-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 18-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 01-06-2022)<br>Last Updated By: Rajeev R (Deputy Director, On 17-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 13.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 19.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം (പരിഷ്കരിച്ചത്) | 22,81,38,540 | 24,48,26,562 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം) | 20,51,75,979 | 23,44,56,748 |

### 1-1-1 ബജറ്റ് അവലോകനം

2020-21 വർഷത്തെ ബജറ്റ് 13.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 19.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2) ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3) ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4) ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2102002 | മറ്റ് ബത്തകൾ | 1,00,000/- | 50,000/- | 1,50,000 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2201201 | വാർത്താവിനിമയ ചെലവുകൾ | 1,00,000 | 50,000 | 83,637 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2204001 | ഇൻഷുറൻസ്/രജിസ്ട്രേഷൻ | 30,000 | 20,000 | 30,492 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2207101 | അസാധാരണ ചെലവുകൾ | 1,00,000 | 45,000 | 64323 | ബജറ്റിൽ വകയിരുത്തിയ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2301001 | വൈദ്യുതി/ഊർജ്ജം | 13,50,000 | 13,00,000 | 13,94,571 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2301002 | ഡീസൽ, പെട്രോൾ, ഓയിൽ | 1,50,000 | 1,00,000 | 1,16,718 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 7 | 2304001 | വെഹിക്കിൾ ഹയർ ചാർജ്ജ് | 25,000 | 25,000 | 1,86,205 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (1/26.05.2022) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 18.06.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ

നൂറനാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം എസ്.ബി.റ്റി ട്രഷറി അക്കൗണ്ടിലെ 31.3.2021ലെ യഥാർത്ഥ നീക്കിയിരുപ്പ് 2,29,829 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരുപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത് 1,29,829 രൂപയാണ്. 31.3.2021ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പായി ചേർത്തിരിക്കുന്നത് 1,29,829 രൂപ തന്നെയാണ്.

2) വസ്തുനികുതി ഓൺലൈനായി ഒടുക്കുന്നതിനായി സ്റ്റേറ്റ് ബാങ്കിൽ ആരംഭിച്ചിട്ടുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിലെ 31.3.2021ലെ പാസ്സ് ബുക്ക് ബാലൻസ് 9,35,040 രൂപയും വാർഷിക കണക്ക് പ്രകാരമുള്ള ബാലൻസ് 8,77,017 രൂപയുമാണ്. 31.3.2021ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 63,462 രൂപയിൽ 03/2019 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. വസ്തുനികുതിയിനത്തിലുള്ള ടി തുക കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാത്തതുമൂലമാണ് Directly Credited By Bank എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുന്നത്.

3) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 13,35,800/- രൂപ മുന്നിരിപ്പുണ്ട്. തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതമായി 35,00,000/- രൂപ ലഭിച്ചതായും 39,00,000/- രൂപ ചെലവഴിച്ചതായും വാർഷിക കണക്കിൽ രേഖപ്പെടുത്തി കാണുന്നു. ഇതനുസരിച്ച് തൻവർഷത്തെ നീക്കിയിരുപ്പ് 9,35,800/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ 2,35,000/- രൂപ മാത്രമാണ് നീക്കിയിരുപ്പുള്ളതായി കാണിച്ചിട്ടുള്ളത്.

4) പ്രോജക്റ്റ് നം. 8/21 പ്രകാരം സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കുന്നതിനായി 6,72,683 രൂപ കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ ഉൾപ്പെടുത്തിയിട്ടില്ല. ടിയിനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും ചേർത്തിരിക്കുന്നത്.

5) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ

നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡ്യൻഷ്യൽ, നോൺ റെസിഡ്യൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6) കെട്ടിട വാടക ഇനത്തിലെ തൻവർഷ ഡിമാന്റ് 2,67,923 രൂപയും അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെയുള്ള ആകെ വരവ് 2,37,589 രൂപയുമാണ്. ഇതുപ്രകാരം 30,334 രൂപയാണ് കുടിശ്ശികയായി കാണേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി 31,042 രൂപയാണ് ചേർത്തിരിക്കുന്നത്.

7) ട്രേഡേഴ്സ് തൊഴിൽ നികുതിയിനത്തിലെ തൻവർഷ ഡിമാന്റ് 4,56,920 രൂപയും അഡ്വാൻസ് കളക്ഷൻ ഉൾപ്പെടെയുള്ള ആകെ വരവ് 4,54,410 രൂപയുമാണ്. ഇതുപ്രകാരം 2,510 രൂപയാണ് കുടിശ്ശികയായി കാണേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി 2,460 രൂപയാണ് ചേർത്തിരിക്കുന്നത്.

8) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,31,51,688 |
| വരവ് | 9,37,24,818 |
| ആകെ | 11,68,76,506 |
| ചെലവ് | 10,02,14,729 |
| നീക്കിയിരിപ്പ് | 1,66,61,777 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,65,546 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,81,445 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് (ഉറവിടത്തിൽ കുറച്ചത് ഉൾപ്പെടെ) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,77,04,000 | 1,77,04,000 | 21,33,533 | 1,47,60,473 | 8,09,994 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1,26,80,000 | 1,26,80,000 | 5,85,961 | 85,88,204 | 35,05,835 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 1,44,55,000 | 1,44,55,000 | - | 1,44,54,981 | 19 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 47,10,867 | 47,10,867 | - | 39,92,681 | 7,18,186 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 1,89,34,700 | 1,89,34,700 | - | 76,89,819 | 1,12,44,882 (ലാപ്സ്ഡ്) |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 137 | 14,28,00,864 | 67 | 6,67,02,115 | 42 | 28 | 49 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|
| ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്സി) | 4,50,000 |
| കോളനികളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ | 4,80,000 |
| ജീവനി പോഷകത്തോട്ടം ജനറൽ | 5,94,150 |
| ജീവനി പോഷകത്തോട്ടം (എസ് സി) | 3,03,000 |
| മലമുകളിൽ -കശുവണ്ടി ഫാക്ടറി -കുറ്റിവടക്കേതിൽ റോഡ് റീ ടാറിംഗ് റോഡ് സംരക്ഷണം -വാർഡ് 1415 | 10,00,000 |
| വീട് വാസയോഗ്യമാക്കൽ (ജനറൽ) | 32,00,000 |
| നൂറനാട് ഗ്രാമ പഞ്ചായത്ത് -വെറ്ററിനറി ഹോസ്പിറ്റൽ അറ്റകുറ്റപ്പണി | 3,50,000 |
| പാലമേൽ കുതിരകെട്ടാംത്തടം എൽ പി എസ് അറ്റകുറ്റപ്പണി | 4,50,000 |
| പഞ്ചായത്ത് ഓഫീസ് കെട്ടിട അറ്റകുറ്റപ്പണി | 4,50,000 |
| അങ്കണവാടിക്ക് ഭൂമി വാങ്ങൽ | 5,00,000 |
| പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇൻവെർട്ടർ വാങ്ങൽ | 3,00,000 |
| സാക്ഷരതാ തുടർ വിദ്യാഭ്യാസം | 50,000 |
| ക്ലബുകൾക്ക്സ്പോർട്സ് കിറ്റ് വിതരണം | 1,00,000 |
| പി എച്ച് സി വൈദ്യുതീകരണം | 3,00,000 |
| നൂറനാട് ഗ്രാമ പഞ്ചായത്ത് -ദുരന്ത നിവാരണം കാലിത്തൊഴുത്തു നിർമാണം | 7,00,000 |
| നൂറനാട് ഗ്രാമ പഞ്ചായത്ത്-വഴിയോര വിശ്രമ കേന്ദ്രം | 15,00,000 |
| കന്നുകുട്ടി പരിപാലനം | 12,50,000 |
| തയ്യൽ യൂണിറ്റ്- ജനറൽ | 3,00,000 |
| ഭിന്നശേഷിയുള്ളവരുടെ പഞ്ചായത്ത്തല കലാ കായിക മത്സരങ്ങൾക്ക് പ്രോത്സാഹനം | 50,000 |
| കുരിശുമൂട് -രക്തസാക്ഷി മണ്ഡപം റോഡ് പുനരുദ്ധാരണം | 33,00,000 |
| നൂറനാട് ഗ്രാമ പഞ്ചായത്ത് -സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 80,00,000 |
| അംഗനവാടികൾക്ക് ഫർണിച്ചറുകളും പാത്രങ്ങളും മറ്റ് ആവശ്യ സാമഗ്രികളും വാങ്ങൽ | 4,00,000 |
| പുതിയ തെരുവുവിളക്ക് സ്ഥാപിക്കൽ | 5,00,000 |
| കുളത്തിലെ കരിമീൻ കൃഷി | 7,50,000 |
| വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | 12,30,000 |

| | |
|---|---|
| പോത്തുകുട്ടി വിതരണം - ജനറൽ | 6,00,000 |
| തരിശു നെൽകൃഷി | 8,00,000 |
| ഗ്രോ ബാഗ് വിതരണം - SC | 6,40,000 |
| പൈപ്പ്ലൈൻ നീട്ടൽ | 5,00,000 |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4,72,716 | 15,30,076 | 20,02,792 | 19,57,118 | 45,674 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 5,23,85,361 | 5,23,85,361 | 5,23,85,361 | 0 |
| ആകെ | 4,72,716 | 5,39,15,437 | 5,43,88,153 | 5,43,42,479 | 45,674 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 25,920 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 65,53,000 | 434 |
| വിധവാപെൻഷൻ | 1,76,07,600 | 1156 |
| വാർദ്ധക്യകാല പെൻഷൻ | 3,27,77,000 | 2332 |
| വികലാംഗ പെൻഷൻ | 46,05,100 | 295 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 10,76,000 | 72 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.5.2022 ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,526 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3) തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയ്ക്കായി വാങ്ങിയിട്ടുള്ള ഉപകരണങ്ങളുടെ വിനിയോഗ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻവർഷങ്ങളിൽ ലഭിച്ചതും തിരികെ നൽകാത്തതുമായ തുകകൾ ഓരോ സാമ്പത്തികവർഷം കഴിയുമ്പോൾ തൊട്ടടുത്ത വർഷത്തേക്ക് ഇനം തിരിച്ച് ക്യാരി ഓവർ ചെയ്തുപോരുന്നില്ല.

5) തൻവർഷം നടപ്പിലാക്കിയ പദ്ധതികളിൽ പലതിലും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6) പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ സോഴ്സ് ഡിഡക്ഷൻ വരുത്തുന്ന തുക ഡിമാന്റിൽ കുറവ് ചെയ്യപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, കുടിശ്ശിക കുറവുചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

7) സാംസ്കാരിക നിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്

ശ്രീ.പി.റ്റി സന്തോഷ്, സ്നേഹാലയം എന്ന വ്യക്തിയുടെ 6/78 -ാം നമ്പരിലുള്ള 48 ച.മീറ്ററുള്ള വാസഗൃഹത്തിന് 2013-14ലെ സഞ്ചയ അസസ്മെന്റ് പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2020-21 ൽ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിലുൾപ്പെടുത്തി (S0066/2020-21) 1,00,000/-രൂപ ധനസഹായം ലഭിക്കുന്നതിന് വി.ഇ.ഒ.ഓഫീസിൽ ഹാജരാക്കുന്നതിനായി സെക്രട്ടറി നൽകിയ 15.2.2021ലെ C8/1012/2021 -ാം നമ്പർ സാക്ഷ്യപത്രപ്രകാരം നിലവിൽ ടി കെട്ടിടം 95 ച.മീ.വിസ്തീർണ്ണമുള്ള വാർത്ത കെട്ടിടമാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആയതു പ്രകാരം ഈ കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് ഡിമാന്റിലുൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്.

## 1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നതായി കാണുന്നു.

1) സപ്ലൈകോ മാവേലി സ്റ്റോർ, ചാരുമൂട്

2) സപ്ലൈകോ മാവേലി സ്റ്റോർ, നൂറനാട്

3) സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ, നൂറനാട്

4) പുലിമേൽ ക്ഷീരോൽപ്പാദകസഹകരണ സംഘം

5) എടക്കുന്നം ക്ഷീരോൽപ്പാദകസഹകരണ സംഘം

6) എടപ്പോൺ ക്ഷീരോൽപ്പാദകസഹകരണ സംഘം

7) പാറ്റൂർ ക്ഷീരോൽപ്പാദകസഹകരണ സംഘം

8) തത്തംമുന്ന ക്ഷീരോൽപ്പാദകസഹകരണ സംഘം

9) ചെറുമുഖക്ഷീരോൽപ്പാദകസഹകരണ സംഘം

10) പടനിലംക്ഷീരോൽപ്പാദകസഹകരണ സംഘം

11) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകട ലൈസൻസികൾ

II) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വ്യാപാരം നടത്തുന്നവരിൽ താഴെപ്പറയുന്നവർ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

| ക്രമ നം. | പേര്/മേൽവിലാസം | കെട്ടിട നമ്പർ |
|---|---|---|
| 1 | ബാലകൃഷ്ണപിള്ള, വല്യത്ത് | 4/591 |
| 2 | ബിനു കൃഷ്ണ നല്ലതറയിൽ | 4/590 |
| 3 | അജയകുമാർ, കൊറ്റക്കാട്ടുകിഴക്കതിൽ | 4/589 |
| 4 | അജയകുമാർ ഉഷസ്, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 1, 4 നമ്പർ മുറികൾ |
| 5 | ദിവാകരൻ, രോഹിണി സദനം | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 3-ാം നമ്പർ മുറി |
| 6 | വി.കെ.കൊച്ചുകൃഷ്ണൻ, രശ്മി പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് കിഴക്ക് വശം 4-ാം നമ്പർ മുറി |
| 7 | പി.ഒ.തങ്കച്ചൻ, പുതുവേലിൽ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് |

| | | |
|---|---|---|
| | | 5-ാം നമ്പർ മുറി |
| 8 | ബിജു വി., മേമിനേത്ത് വടക്കതിൽ | 4/596 |
| 9 | കരുണാകരപിള്ള, ചിത്തിരാലയം | 4/598 |
| 10 | മോഹനൻ, രേവതി, ചുനക്കര നടുവിൽ | 4/594 |
| 13 | രാമകൃഷ്ണൻ കോലായിൽ | 4/586 |

III) വാർഡ് അടിസ്ഥാനത്തിലുള്ള സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചവരെ ലൈസൻസ് പരിധിയിൽ കൊണ്ടുവരാതിരുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(4/30.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-12 വാടകക്കാരുമായി കരാറിലേർപ്പെടുന്നില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്നവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അവരുമായി നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | വാടകാരന്റെ പേര് | കെട്ടിട നമ്പർ | മുദ്രപത്രവില യിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം |
|---|---|---|---|
| 1 | രാമകൃഷ്ണൻ കോലായിൽ, നെടുകളഞ്ഞിമുറി | 4/586 | 200 |
| 2 | ബിനുകൃഷ്ണ, നല്ലതറയിൽ | 4/590 | 200 |
| 3 | ബാലകൃഷ്ണപിള്ള, വല്യത്ത് | 4/591 | 200 |
| 4 | വി.കെ.കൊച്ചുകൃഷ്ണൻ പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് കിഴക്ക് 4-ാം നമ്പർ മുറി | 200 |
| 5 | അജയകുമാർ, ഉഷസ്, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് പടിഞ്ഞാറ് 1,4-ാം നമ്പർ മുറികൾ | 200 |
| 6 | തോമസ് ഇ.കെ., ഇഞ്ചക്കലോടിൽ, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് പടിഞ്ഞാറ് വശം 2-ാം നമ്പർ മുറി | 200 |
| 7 | പി.ഒ.തങ്കച്ചൻ പുതുവേലിൽ പറമ്പിൽ | കുതിരകെട്ടുംതടംഷോപ്പിംഗ്കോംപ്ലക്സ് കിഴക്ക് വശം 3-ാംനമ്പർമുറി | 200 |
| 8 | അജയകുമാർ ഉഷസ്, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 1, 4 നമ്പർ മുറികൾ | 200 |
| 9 | ദിവാകരൻ, രോഹിണിസദനം | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 3-ാം നമ്പർ മുറി | 200 |
| | | ആകെ | 1800 |

കെട്ടിടമുറികൾ വാടകയ്ക്കു നൽകുമ്പോൾ നിയമപ്രകാരം കരാർ ചമയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(6/30.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിയമപ്രകാരം കരാറിലേർപ്പെടാത്തത് വ്യവഹാരത്തിന് നിയമസാധുത ഇല്ലാതാക്കുക മാത്രമല്ല സർക്കാരിന് ലഭിക്കേണ്ട സ്റ്റാംമ്പ് നികുതിയും നഷ്ടപ്പെടുത്തുന്നു. സ്റ്റാംപ് നികുതിയിനത്തിൽ നഷ്ടപ്പെട്ട 1,800/-രൂപ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | തൊഴിൽ നികുതി | സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക് | 1&2 അർദ്ധവർഷം | 1&2 അർദ്ധവർഷം |
| 2 | തത്തംമുന്ന ക്ഷീരോൽപ്പാദക സഹകരണസംഘം | ,, | ,, |
| 3 | ചെറുമുഖ ക്ഷീരോൽപ്പാദക സഹകരണസംഘം | ,, | ,, |
| 4 | ചാരുമൂട് ക്ഷീരോൽപ്പാദക സഹകരണസംഘ | 1&2 അർദ്ധവർഷം | 1&2 അർദ്ധവർഷം |
| 5 | ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ | ,, | - |
| 6 | സെന്റ് ബോർസുമസ് പബ്ലിക് സ്കൂൾ | ,, | - |
| 7 | പാലിയേറ്റീവ് കെയർ ഡ്രൈവർ | ,, | - |

മേൽ സൂചിപ്പിച്ചവരിൽ നിന്നും നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(5/30.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ഷോപ്പിംഗ് മാൾ പ്രവർത്തിക്കുന്നു

ഐഷ ഉമ്മ ഷാജു, ഫർസീൻ മുഹമ്മദ് വെളിയിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള 10/177-ാം നമ്പരായ 946.72 ച.മീ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയത്തിന്റെ ഒക്യുപൻസി ചെയ്ഞ്ച് ചെയ്ത് അധികനിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷഫയൽ പരിശോധിച്ചതു പ്രകാരം നിലവിലുള്ള നിർമ്മാണങ്ങൾ ഉൾപ്പെടെ 2212.27 ച.മീറ്റർ വിസ്തീർണ്ണത്തിൽ പണിതീർത്ത കെട്ടിട നിർമ്മാണത്തിന്റെ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് C3-550/2021-ാം നമ്പരായി 8.2.2021ൽ സെക്രട്ടറി നൽകിയ കത്തിന് ഐഷ ഉമ്മ ഷാജു നൽകിയ മറുപടിയിൽ 25.12.2020 മുതൽ വ്യാപാരം ആരംഭിച്ച ചോയ്സ് മാൾ ഉടമസ്ഥർക്ക് ലൈസൻസ് നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും 10.1.2022ൽ 400449/BABC06/GPO/2021/1506(1) നമ്പരായി നൽകിയിട്ടുള്ള അവസാന കത്തിടപാടിൽ താഴെപ്പറയുന്ന ന്യൂനതകൾ നിർമ്മാണത്തിൽ നിലനിൽക്കുന്നതായും കാണിച്ചിരിക്കുന്നു.

1) നിലവിലുള്ള കെട്ടിടത്തിന്റെ ഫ്രണ്ട് ഓപ്പൺസ്പെയ്സ് സെറ്റ് ബാക്ക് പാലിക്കുന്നില്ല. ഈ ഭാഗത്ത് നിലവിൽ നിർമ്മാണങ്ങൾ നിലനിൽക്കുന്നു.

2) വടക്ക് ഭാഗത്ത് കെ.എ.പി കനാൽ ഭാഗത്ത് സെറ്റ് ബാക്ക് പാലിക്കുന്നില്ല

3) ചട്ടപ്രകാരം ആവശ്യമായ പാർക്കിംഗ് ഉൾപ്പെടുത്തിയിട്ടില്ല. പാർക്കിംഗ് കാണിച്ചിരിക്കുന്ന ഭാഗത്ത് വാഹനം പുറത്തേക്ക് പോകാവുന്ന വിധം അല്ല ഉള്ളത്. പാർക്കിംഗ് കാണിച്ചിരിക്കുന്ന ഭാഗങ്ങളിൽ കെട്ടിടം നിലവിലുണ്ട്.

4) ചട്ടം 74 പ്രകാരം ഫസ്റ്റ് ഫ്ലോറിൽ നിലനിൽക്കുന്ന ട്രസ് റൂഫ് ഭാഗത്തിന്റെ ഏരിയ സ്റ്റേറ്റ്മെന്റ്, പാർക്കിംഗ്, സാനിട്ടറി ഏരിയ എന്നിവ കവറേജ് എഫ്.എസ്.ഐ കാൽക്കുലേഷൻ ഉൾപ്പെടുത്തിയിട്ടില്ല

5) പടിഞ്ഞാറ് ഭാഗം സെറ്റ് ബാക്ക് പാലിക്കുന്നില്ല. ടി ഭാഗത്ത് ഓപ്പൺ സ്പെയ്സ് നൽകിയിരിക്കുന്നു

6) കിഴക്ക് ഭാഗത്ത് ഗ്രൌണ്ട് ഫ്ലോർ ഏരിയ പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടില്ല

7) സെക്ഷൻ പ്ലാനിൽ കെട്ടിടത്തിന്റെ ഉയരം പൂർണ്ണമായും കാണിച്ചിട്ടില്ല

8) നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള നമ്പർ രേഖപ്പെടുത്തിയിട്ടില്ല

9) ലോഡിംഗ് & അൺലോഡിംഗ് ഏരിയ നിലവിൽ ഉപയോഗത്തിൽ ഉള്ളതായി കാണുന്നു

10) ഫയർ എൻ.ഒ.സി ഹാജരാക്കിയിട്ടില്ല

കായംകുളം പുനലൂർ റോഡ്സൈഡിൽ സ്ഥിതിചെയ്യുന്ന ടി കെട്ടിടത്തിൽ നിലവിൽ ഷോപ്പിംഗ് മാൾ പ്രവർത്തിക്കുന്നതായി കാണുന്നു. നാളിതുവരെയും ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയിക്കാത്ത കെട്ടിടത്തിൽ വ്യാപാരത്തിനായി ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ കേരള പഞ്ചായത്തിരാജ് നിയമങ്ങളിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല എന്ന നിയമലംഘനത്തിനെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.(23/30.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പ്രകാരം 2012 മുതൽ പഞ്ചായത്തിൽ ലഭിച്ച ഡെപ്പോസിറ്റ് തുകകൾ നിലനിൽക്കുന്നതായാണ് കാണുന്നത്. നിലവിൽ എഴുതിക്കൊണ്ടിരിക്കുന്ന രജിസ്റ്ററിൽ 2018 മുതലുള്ള ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിശദവിവരം ഉണ്ടെങ്കിലും മുൻ വർഷങ്ങളിലെ ഡെപ്പോസിറ്റുകളുടെ വിവരം അടുത്ത സാമ്പത്തികവർഷത്തിലേക്ക് ക്യാരി ഓവർ ചെയ്യുമ്പോൾ ഡെപ്പോസിറ്റുകളുടെ വിശദവിവരം എഴുതുകയോ, പ്രിന്റെടുത്തു സൂക്ഷിക്കുകയോ ചെയ്യാതെ ആകെ തുക മുന്നിരിപ്പായി എടുത്തെഴുതുന്ന രീതിയാണ് വർഷങ്ങളായി തുടർന്ന് പോരുന്നത്. ഇതുമൂലം മുന്നിരിപ്പുതുകയിലുൾപ്പെട്ട മൂന്നുവർഷത്തിലധികമായ ഡെപ്പോസിറ്റുകളുടെ വിവരം അറിയുന്നത് പ്രയാസകരമാണ്. രജിസ്റ്റർ പരിശോധിച്ചതു പ്രകാരം വളരെയധികം വർഷമായിട്ടും മുതൽക്കൂട്ടാത്ത ഏതാനും ഡെപ്പോസിറ്റുകളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | തീയതി | പേര് | ഇനം/കോഡ് | തുക |
|---|---|---|---|---|
| 1 | 25.4.2012 | മനോജ് | അദർ ഡെപ്പോസിറ്റ്/340200199 | 100 |
| 2 | ,, | അജേന്ദ്രൻ | ,, | 100 |
| 3 | ,, | രാജൻകുട്ടി | ,, | 100 |
| 4 | ,, | ആദിക്കുട്ടൻ | ,, | 100 |
| 5 | ,, | ഗോപാലകൃഷ്ണകുമാർ | ,, | 100 |
| 6 | 12.10.2015 | ഗിരീഷ് ശങ്കർ | അദർ ഡെപ്പോസിറ്റ്/340109901 | 14,500 |
| 7 | 13.10.2015 | ,, | ,, | 19,000 |
| 8 | 14.10.2015 | ,, | ,, | 41,500 |
| 9 | 24.5.2016 | മാനേജർ എഡിസൺ ഇലക്ട്രോണിക്സ് | സപ്ലയേഴ്സ് റിട്ടൻഷൻ/340100302 | 14,740 |
| 10 | 31.10.2013 | എ.ഇ.എൽ.എസ്.ജി.ഡി | കോൺട്രാക്ടേഴ്സ് റിട്ടൻഷൻ | 18,164 |

3 വർഷം കഴിഞ്ഞ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/30.5.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടേണ്ടതും ഡെപ്പോസിറ്റുകൾ ഓരോ സാമ്പത്തിക വർഷവും ക്യാരി ഓവർ ചെയ്യുമ്പോൾ വിശദവിവരം എടുത്തെഴുതുകയോ പ്രിന്റെടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതുമാണ്.

## 1-16 ബാലസഭ,വിശപ്പു രഹിത കേരളം-ജനകീയ ഹോട്ടൽ -വിനിയോഗരേഖകൾ ഹാജരാക്കിയില്ല

എ) പ്രോജക്ട് നം. - S 0043/21

പ്രോജക്ടിന്റെ പേര് - ബാലസഭ
നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 30,000/-

ചെലവ്

ബിൽ നം.3/20-21/19.1.21 തുക.30,000/-

30,000/-രൂപ സി.ഡി.എസിന്റെ ചാരുംമൂട് എസ്.ബി.ഐ.യിലെ 57040191981 നം.അക്കൗണ്ടിലേക്ക് നൽകി. ആയതിന്റെ ചെലവ് രേഖകൾ, വിനിയോഗവിവരം എന്നിവ ഹാജരാക്കിയില്ല.

ബി)പ്രോജക്ട് നം. - S 0064/21

പ്രോജക്ടിന്റെ പേര് - വിശപ്പു രഹിത കേരളം-ജനകീയ ഹോട്ടൽ

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 1,00,000/-

ചെലവ്

ബിൽ നം.4/20-21/19.1.21 തുക.1,00,000/-

1,00,000/-രൂപ സി.ഡി.എസിന്റെ ചാരുംമൂട് എസ്.ബി.ഐ.യിലെ 57040191981 നം.അക്കൗണ്ടിലേക്ക് നൽകി. എന്നാൽ ചെലവ് രേഖകൾ, വിനിയോഗവിവരം എന്നിവ ഹാജരാക്കിയില്ല.

രേഖകൾ ഹാജരാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/30.5.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 1,30,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 അനുപൂരക പോഷകാഹാര പദ്ധതി 2020-21 – സർക്കാർ ഉത്തരവിന് വിരുദ്ധമായി കൂടിയ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി

നൂറനാട് ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകളാണ് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയിട്ടുള്ളത്. പ്രോ.നം. 19/21, 20/21 എന്നീ പ്രോജക്ടുകൾ പ്രകാരം 32,00,000/- രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും മാത്രമേ ഭക്ഷ്യധാന്യങ്ങൾ വാങ്ങാവൂ എന്ന സർക്കാർ നിർദ്ദേശം മറികടന്ന് നൂറനാട് സർവ്വീസ് സഹകരണ ബാങ്ക് നം. 1781 ന് കീഴിലുള്ള നീതി സ്റ്റോറിൽ നിന്നാണ് ഇവ വാങ്ങിയിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ അങ്കണവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റുകളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി / സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭക്ഷ്യ വസ്തുക്കൾ വാങ്ങുവാൻ പാടുള്ളുവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.05.2011ലെ 58814/D.C2/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സാമൂഹ്യ നീതി വകുപ്പിന്റെ 20.06.2019 സാ.നീ.വ-ബി1/493/2019 നമ്പർ സർക്കുലറിൽ സപ്ലൈകോയിലെ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങൽ നടത്തിയാൽ അധിക നിരക്കിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി 2020-21 വർഷത്തേയ്ക്ക് അങ്കണവാടികളിലേയ്ക്കുള്ള ഭക്ഷ്യധാന്യങ്ങളിൽ പല ഇനങ്ങളും നൂറനാട് സർവ്വീസ് സഹകരണ ബാങ്ക് നം. 1781 ന് കീഴിലുള്ള നീതി സ്റ്റോറിൽ നിന്നും സപ്ലൈകോയുടെ വിലയേക്കാൾ കൂടിയ വിലയ്ക്കാണ് വാങ്ങിയിട്ടുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളിൽ ഇവ ലഭ്യമല്ലായെന്നുള്ള എൻ.എ.സിയുടെ അടിസ്ഥാനത്തിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ നിന്നോ ഭക്ഷ്യധാന്യങ്ങൾ വാങ്ങാവൂ എന്ന സർക്കാർ നിർദ്ദേശം മറികടന്ന് വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമാണ്. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/30.5.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-18 ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല - സർക്കാരിന് നഷ്ടം

I)പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ റിപ്പോർട്ടു ചെയ്ത തീയതി | അനർഹമായ കാലയളവ്/തുക | തിരികെ ഒടുക്കേണ്ട ആകെ തുക |
|---|---|---|---|---|---|
| 1 | സരസമ്മ കെ.എൻ.<br>കാറ്റാടി<br>തെക്കേതിൽ | വാർദ്ധക്യകാല പെൻഷൻ<br>104860201455 | 14.3.2020/<br>15.5.2020 | 4/2020 മുതൽ 4/2022-വരെയുള്ള 37,400/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു.<br>5/2022ലെ 1,600/-രൂപ | 39,000/- |

| | | | | | |
|---|---|---|---|---|---|
| | | | | ബാങ്കിന് കൈമാറി (സിൻഡിക്കേറ്റ് ബാങ്ക് A/c 4114220004701) | |
| 2 | ഭാസ്കരൻ പിള്ള, നമ്പിയേത്ത്, പുലിമേൽ | വാർദ്ധക്യകാല പെൻഷൻ 104860201232 | 17.5.2020/ 22.7.2020 | 6/2020 മുതൽ 9/2021 വരെയുള്ള 24,600/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 10/2021 മുതൽ 5/2022 വരെയുള്ള 12,800/-രൂപ ബാങ്കിനു കൈമാറിയിട്ടുണ്ട് | 37,400/- |
| 3 | പങ്കജാക്ഷി, നെടുമ്പുറത്ത് വീട് | കർഷകത്തൊഴിലാളി പെൻഷൻ 104860100525 | 4.6.2020./ 21.7.2020 | 7/2020 മുതൽ 4/2022 വരെയുള്ള 33,500/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 1,600/-രൂപ ബാങ്കിനു കൈമാറി (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | 35,100/- |
| 4 | രത്നമ്മ, ഷിബുഭവനം | വിധവ പെൻഷൻ 104860600790 | 7.8.2020/ 20.8.2020 | 9/2020 മുതൽ 4/2022 വരെയുള്ള 30,900/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 32,500/- |
| 5 | വാസുദേവൻപിള്ള, പഴയശ്ശേരിൽ, എടക്കുന്നം | കർഷകത്തൊഴിലാളി പെൻഷൻ 104860100311 | 15.9.2020/ 1.10.2020 | 10/2020 മുതൽ 4/2022 വരെ 29,500/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/- രൂപ ബാങ്കിനു കൈമാറി (എസ്.ബി.എ) | 31,100/- |
| 6 | സദാനന്ദൻ, മായാ ഭവനം | വാർദ്ധക്യകാല പെൻഷൻ 104860201859 | 13.8.2020/ 16.9.2020 | 9/2020 മുതൽ 4/2022 വരെ 26800/- രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/- രൂപ ബാങ്കിനു കൈമാറി(എസ്.ബി.എ) | 28,400/- |
| 7 | ഗോപാലകൃഷ്ണൻ നായർ | ,, 104860200977 | 28.8.2020/ 24.9.2020 | 9/2020 മുതൽ 11/2020 വരെയും 5/2021 മുതൽ 4/2022 വരെ യുമുള്ള 23,400/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. | 32,500/- |

| | | | | | |
|---|---|---|---|---|---|
| | | | | 12/2020 മുതൽ 4/2021 വരെയുള്ളതും 5/2022ലെയും തുകയായ 9,100/- രൂപ ബാങ്കിനു കൈമാറി | |
| 8 | ദേവയാനി, നല്ലവീട്ടിൽ തെക്കേതിൽ | കർഷകത്തൊഴിലാളി പെൻഷൻ 104860100102 | 8.9.2020/ 24.9.2020 | 10/2020ലെ 600/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 11/2020 മുതൽ 5/2022 വരെയുള്ള 11,400/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (എസ്.ബി.ഐ) | 12,000/- |
| 9 | ടി.കെ.കുട്ടൻ, ചിറ്റക്കാട്ടുലക്ഷംവീട് | വാർദ്ധക്യകാല പെൻഷൻ 104860200517 | 14.9.2020/ 14.10.2020 | 10/2020 മുതൽ 4/2022 വരെയുള്ള 29,800/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | 31,400/- |
| 10 | രാജേന്ദ്രൻ ഉണ്ണിത്താൻ, പുലിത്തിട്ടയിൽ, കിടങ്ങയം | ,, 104860201682 | 21.10.2020/ 4.11.2020 | 11/2020 മുതൽ 4/2022 വരെയുള്ള 10,800/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (എസ്.ബി.ഐ) | 11,400/- |
| 11 | വിജയമ്മ, പരുമ്പളത്ത്, എടപ്പോൺ | ,, 104860200862 | 27.11.2020/ 31.12.2020 | 12/2020 ലെ 1,500 രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 1/2021 മുതൽ 5/2022 വരെയുള്ള 26,900/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് | 28,400 |
| 12 | മാധവൻ കെ., മാധവ സദനം | കർഷകത്തൊഴിലാളി പെൻഷൻ 104860100210 | 8.1.2021/ 20.1.2021 | 2/2021 മുതൽ 4/2021 വരെയുള്ള 4,600/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2021 മുതൽ 5/2022 വരെയുള്ള 20,800/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | 25,400/- |
| 13 | പൊന്നമ്മ, | വാർദ്ധക്യകാല പെൻഷൻ | 24.1.2021/ | 2/2021 മുതൽ 4/2021 | 25,400/- |

| | | | | | |
|---|---|---|---|---|---|
| | കൃഷ്ണഭവനം, പാറ്റൂർ | 104860200791 | 8.2.2021 | വരെയുള്ള 23,800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സിൻഡിക്കേറ്റ് ബാങ്ക്) | |
| 14 | കാർത്ത്യായനി, മലയിൽ കിഴക്കേ തെക്കേതിൽ | വിധവ പെൻഷൻ 104860600091 | 14.1.2021/ 8.2.2021 | 2/2021 മുതൽ 3/2021 വരെയുള്ള 3,000/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 4/2021 മുതൽ 5/2022 വരെയുള്ള 22,400/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സിൻഡിക്കേറ്റ് | 27,400/- |
| 15 | ചന്ദ്രൻപിള്ള, നിഖിൽ നിവാസ് കിടങ്ങയം | വാർദ്ധക്യകാല പെൻഷൻ 104860201316 | 19.10.2020/ 27.10.2020 | 10/2020 മുതൽ 5/2022 വരെയുള്ള 31,400/-രൂപ സഹകരണ ബാങ്കിന് കൈമാറി | 31,400/- |
| 16 | ജാനകി, മേലേതിൽ എടപ്പുര | കർഷകത്തൊഴിലാളി പെൻഷൻ 104860100357 | 31.8.2020/ 24.9.2020 | 9/2020 മുതൽ 5/2022 വരെയുള്ള 32,500/-രൂപ സഹകരണ ബാങ്കിന് കൈമാറി | 32,500/- |
| 17 | കമലാക്ഷി, കളത്തുരത്ത്, ആറ്റുവ | വിധവ പെൻഷൻ 104860600049 | 25.12.2020/ 20.1.2021 | 1/2021 മുതൽ 5/2022 വരെയുള്ള 28,300/-രൂപ സഹകരണ ബാങ്കിന് കൈമാറി. ഇതിൽ 3/2022,4/2022 മാസങ്ങളിലെ തുകയായ 3,200/- രൂപ വ്യക്തി കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു | 28,300/- |
| 18 | ബേബി സക്കറിയ, കണിയാംപറമ്പിൽ | കർഷകത്തൊഴിലാളി പെൻഷൻ 104860100112 | 5.12.2020/ 31.12.2020 | 1/21 മുതൽ 5/2022 വരെയുള്ള 10,800/-രൂപ സഹകരണ ബാങ്കിന് കൈമാറി | 10,800/- |
| 19 | മത്തായി, എത്തോണിൽ, പടനിലം | വാർദ്ധക്യകാല പെൻഷൻ 104860202675 | 16.12.2020 31.12.2020 | 1/2021 മുതൽ 5/2022 വരെയുള്ള 28,300/-രൂപ സഹകരണ ബാങ്കിന് കൈമാറി | 28,300/- |
| 20 | അന്നമ്മ ജോർജ് വഴനപ്പുഴ പടീറ്റതിൽ | വാർദ്ധക്യകാല പെൻഷൻ 104860200997 | 24.8.2020/ 24.9.2020 | 9/2020 മുതൽ 5/2022 വരെയുള്ള 32,900/-രൂപ സഹകരണബാങ്കിന് കൈമാറി | 32,900/- |

| | | | | | |
|---|---|---|---|---|---|
| 21 | ടി.എസ്.മോഹനൻ, തുണ്ടിൽ പടീറ്റതിൽ വീടു | വികലാംഗപെൻഷൻ 104860400077 | 6.9.2020/ 1.10.2020 | 8/2020 മുതൽ 5/2022 വരെയുള്ള 32,500/-രൂപ സഹകരണബാങ്കിന് കൈമാറി | 32,500/ |
| 22 | കാർത്യായനി അമ്മ ചക്കേലത്തുവീട്, എടപ്പോൺ | 50 വയസുകഴിഞ്ഞ അവിവാഹിതരായവർക്കുള്ള പെൻഷൻ 10486050035 | 19.2.21/ 15.3.2021 | 3/21 മുതൽ 5/22 വരെയുള്ള 25,400/-സഹകരണ ബാങ്കിന് കൈമാറി | 25,400/- |
| | ആകെ | | | | 6,19,500/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയും, ബാങ്കുകളുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെയും വിശദാംശം അറിയിക്കേണ്ടതാണ്.

2) ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ജോസ്കോ മൾട്ടി സ്പെഷാലിറ്റി ഹോസ്പിറ്റൽ, കെ.സി.എം ഹോസ്പിറ്റൽ തുടങ്ങിയ സ്വകാര്യ ആശുപത്രികൾ സ്ഥിതിചെയ്യുന്നതിനാൽ മറ്റ് പഞ്ചായത്തുകളിലെയും മരണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം നിലവിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ ഏതു പ്രാദേശിക സർക്കാരിലാണോ പെൻഷൻ അനുവദിച്ചിരിക്കുന്നത് അതേ പ്രാദേശിക സർക്കാരിലേയ്ക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും സാധിക്കുകയുള്ളൂ. ആയതിനാൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നമ്പർ അവശ്യരേഖ തന്നെയാണ്.

2020-21 ൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ വിവരം പരിശോധിച്ചതിൽ താഴെപ്പറയുന്നവർ മറ്റുപഞ്ചായത്തുകളിലെ പെൻഷൻ ലിസ്റ്റിൽ ആക്ടീവായി തുടരുന്നു.

| പേര്/വിലാസം | മരിച്ച തീയതി/ റിപ്പോർട്ട് ചെയ്ത തീയതി | പ്രാദേശിക സർക്കാർ | പെൻഷൻ തരം/ഐഡി |
|---|---|---|---|
| ലൂസി, ഹോളിക്യൂൻസ്, പുലിമേൽ | 16.2.2021/16.3.2021 | മാവേലിക്കര താമരക്കുളം പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ/ 104890202559 |
| ദിവാകരൻ ടി.കെ., തെക്കുളത്തിൽ | 19.3.2020/17.4.2020 | പാലമേൽ ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ/ 104910203288 |

ടി വിവരം റിപ്പോർട്ടുചെയ്ത് അറിയിക്കേണ്ടതാണ്.

3) പഞ്ചായത്തിന്റെ സേവന പെൻഷൻ ഡാറ്റാ ബേസ് ഓപ്പൺ ചെയ്യുമ്പോൾ തന്നെ “സഹകരണ സംഘങ്ങൾ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയ വിവരങ്ങൾ സസ്പെൻഡു ചെയ്യാൻ ബാക്കിയുണ്ട്” എന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇതിൽ 155 പേരുടെ പേരുവിവരങ്ങൾ നല്കിയിരിക്കുന്നതിൽ എല്ലാവരുടെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.33/31.5.20222) നൽകിയതിന് മറുപടി ലഭ്യമായില്ല. ഈ ലിസ്റ്റിൽ നിന്നും എല്ലാവരെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും സസ്പെൻഡ് ചെയ്തിരിക്കുന്നവയിൽ അനർഹമായ കാലയളിൽ നല്കിയിട്ടുള്ള തുകകൾ തിരികെ ഒടുക്കുവരുത്തിയോ എന്ന് ഉറപ്പാക്കേണ്ടതുമാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയുംചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും

മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.
മേൽ സൂചിപ്പിച്ചിട്ടുള്ള പെൻഷൻ തുക 6,19,500 രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 1-19 പൊതുടാപ്പുകളുടെ വാട്ടർചാർജ് - എണ്ണത്തിലും അധികം ടാപ്പുകൾക്ക് ചാർജ് ഡിമാന്റ് ചെയ്യുന്നു

2020-21 ൽ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാട്ടർചാർജുമായി ബന്ധപ്പെട്ട്, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ ഏതാനും ബില്ലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ഏപ്രിൽ 2020ലെ 42292നം.ബിൽ പ്രകാരം, ടാപ്പുകളുടെ എണ്ണം - 550

| | |
|---|---|
| Rate/tap/year - | 5250 |
| Closing Balance As On 31.3.2020 - | 1,62,91,109/- |
| Fine - | 3,19,575/- |
| Demand For The Month - | 2,40,625/- |
| Amount Payable - | 1,68,51,309/- |

2) ജനുവരി 2021 ൽ ലഭ്യമായ 48086 നം. ബിൽ പ്രകാരം,

| | |
|---|---|
| No. Of Taps - | 552 |
| Rate/tap/year - | 5250 |
| Closing Balance As On 31.12.2020 - | 1,99,36,141/- |
| Fine - | 3,91,073/- |
| Demand For The Month | -2,41,500/- |
| Amount Payable - | 2,05,68,714/- |

3) മാർച്ച് 2021ൽ ലഭ്യമായ 50178 നം. ബിൽ പ്രകാരം,

| | |
|---|---|
| No. Of Taps - | 552 |
| Rate/tap/year - | 5250 |
| Closing Balance As On 28.02.2021 - | 2,08,37,289/- |
| Fine - | 4,08,749/- |
| Demand For The Month - | 2,41,500/- |
| Amount Payable | 2,14,87,538/- |

അപാകത ചുവടെ ചേർക്കുന്നു.

വാട്ടർചാർജ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം, പൊതുടാപ്പുകളുടെ എണ്ണം 426 ആണ്. 426 ടാപ്പുകൾക്ക് 1.10.2014 മുതൽ 5,250/-രൂപ നിരക്കിൽ 1,86,375/-രൂപയാണ് മാസംതോറും പഞ്ചായത്തിൽ നിന്നും ഈടാക്കിയിരുന്നത്. എന്നാൽ 2020-21 സാമ്പത്തികവർഷം, ഏപ്രിൽ 2020 ൽ 550 പൊതുടാപ്പുകൾക്കും, ജനുവരി 2021 മുതൽ 552 പൊതുടാപ്പുകൾക്കും 5,250/-രൂപ നിരക്കിൽ വാട്ടർ അതോറിറ്റി തുക ഡിമാന്റ് ചെയ്യുന്നു. എന്നാൽ പഞ്ചായത്ത് നിലവിൽ 426 ടാപ്പുകളുടെ വാട്ടർചാർജ് മാത്രമാണ് അടവാക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 14.1.19ലെ 2(1) നം.തീരുമാന പ്രകാരം, പ്രവർത്തനക്ഷമമായ കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് വാട്ടർ അതോറിറ്റി അധികൃതരോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. ആയതിനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് 12.2.19 തീയതിയിൽ സി5/PR/19, 4.10.19 തീയതിയിൽ സി6/5559/19 നമ്പറുകളായി കത്തുകൾ നൽകിയെങ്കിലും വാട്ടർ അതോറിറ്റി അധികൃതർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ 14.8.2019 ൽ നൽകിയ എ2/4547/18 നം. കത്ത് പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം 426 മാത്രമാണ്. എന്നാൽ ആയതിന്റെ എണ്ണം 550, 552 എന്നിങ്ങനെ ക്രമത്തിൽ വാട്ടർ അതോറിറ്റി ബില്ല് ഡിമാന്റ് ചെയ്യുന്നു. നിരവധി തവണ ആവശ്യപ്പെട്ടിട്ടും, വാട്ടർ അതോറിറ്റി അധികൃതർ സംയുക്ത പരിശോധന നടത്തി, പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം നിർണ്ണയിച്ച് നൽകാത്ത സാഹചര്യത്തിൽ, ജലജീവൻ മിഷൻ വഴി ഗാർഹിക കുടിവെള്ള കണക്ഷൻ പൂർണ്ണമായും ലഭ്യമാക്കിയെന്ന് ഉറപ്പുവരുത്തി, അത്യാവശ്യം വേണ്ട പൊതുടാപ്പുകൾ മാത്രം നിലനിർത്താനും ബാക്കിയുള്ളവ അടിയന്തിരമായി വിഛേദിക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോട് കൂടി വാട്ടർ അതോറിറ്റി അധികൃതരോട് ആവശ്യപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രൊക്യൂർമെന്റ് കമ്മിറ്റി -പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.11.2010ലെ ജി.ഒ(പി) നം.259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങികരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

നൂറനാട് ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 2 പ്രാവശ്യം മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. തീയതി രേഖപ്പെടുത്താത്ത ആദ്യയോഗത്തിൽ 5 പേർ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ തൻവർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ/ക്വട്ടേഷൻ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്ത് 3 തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പിന്നീട് 22.6.20 ൽ ചേർന്ന 8 പേർ പങ്കെടുത്ത യോഗത്തിലും തൻവർഷം അസിസ്റ്റന്റ്സെക്രട്ടറി നിർവ്വഹണം ചെയ്ത വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ/ക്വട്ടേഷൻ അംഗീകരിക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്ത് 2 തീരുമാനം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല.

2020-21 വർഷം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനും, പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9 തീയതി.30.5.22), മറുപടി ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് കമ്മിറ്റി രൂപീകരിക്കുകയും, തുടർ നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയങ്ങളുടെ പ്രവർത്തനം നിർജ്ജീവ അവസ്ഥയിൽ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാറ്റൂർ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയിൽ 2020-21 വർഷത്തിലെ 9 പുതിയ രജിസ്ട്രേഷനുകളുൾപ്പെടെ ആകെ സജീവ അംഗങ്ങളുടെ എണ്ണം 70 ആണ്. 31/-രൂപയുടെ സി ക്ലാസ് മെമ്പർഷിപ്പ് എടുത്തുകഴിഞ്ഞാൽ പിന്നീട് മെമ്പർഷിപ്പ് പുതുക്കുന്നതായി കാണുന്നില്ല. ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ബൈലോ ലഭ്യമല്ല. ലൈബ്രറിയിലെ ആകെ പുസ്തകങ്ങളുടെ എണ്ണം 1456 ആണ്. 2009-10 കാലയളവിൽ 29 പുസ്തകങ്ങൾ ലഭിച്ചതൊഴിച്ചാൽ നാളിതുവരെ പുതിയ പുസ്തകങ്ങൾ ലഭിച്ചിട്ടില്ല. ഈ ഗ്രന്ഥശാലയുടെ പ്രവർത്തനത്തിനായി ഒരു പാർട്ട്-ടൈം ലൈബ്രേറിയൻ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമല്ല. പുസ്തകങ്ങൾ സൂക്ഷിച്ചിരുന്ന മുറികളിലെ മേൽക്കൂരയിലെ പ്ലാസ്റ്റർ ഇളകി വീഴുന്നതും ക്ഷുദ്രജീവികളുടെ ശല്യവും മൂലം നിലവിൽ റാക്കിൽ ഇരുന്ന പുസ്തകങ്ങൾ പുറത്തിറക്കി മുറി അടച്ചിട്ടിരിക്കുന്നു.

1. സാംസ്കാരിക നിലയത്തിൽ പുസ്തകങ്ങൾ കൂട്ടിയിട്ടിരിക്കുന്നു.



2. പ്ലാസ്റ്ററിംഗ് തകർന്ന നിലയിൽ



താഴെകൊടുത്തിരിക്കുന്ന പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നും നഷ്ടപ്പെട്ടിട്ടുണ്ട്

| പുസ്കങ്ങളുടെ ക്രമ നം. | പുസ്തകത്തിന്റെ /രചയിതാവിന്റെ പേര് | മെമ്പറിന്റെ പേര്/നൽകിയ തീയതി | പുസ്തകത്തിന്റെ വില |
|---|---|---|---|
| 27 | ജീവിത വീക്ഷണം/ പി.കേശവദേവ് | ബി.പ്രകാശ് 27.12.2001 | 10/- |
| 42 | അക്ഷയപാത്രം/ഇ.വാസു | ജ്യോതി പ്രകാശ് 24.4.2001 | 10 |
| 180 | വ്യാകരണ വിവേകം/ എ.എൻ.മൂസത് | മഞ്ജുഷ 12.12.2001 | 20/- |
| 858 | സൂര്യകാലടി/സി.വി.തമ്പി | വിമലകുമാരി 12.12.2001 | 60/- |
| 929 | അർദ്ധനഗ്നൻ/ പുഴക്കര ബാലനാരായണൻ | ജ്യോതി / 12.12.2001 | 120/- |
| ആകെ | | | 220/- |

പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നില്ലെങ്കിൽ പുസ്തകത്തിന്റെ വില തിരികെ ഒടുക്കേണ്ടതുമാണ്.

പുലിമേൽ വാർഡിൽ പഞ്ചായത്ത് നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സാംസ്കാരിക

നിലയവും വർഷങ്ങളായി പൂട്ടിക്കിടക്കുന്നു. ഇവിടെയും പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ പുസ്തകങ്ങൾ ഉണ്ട്. സാംസ്കാരിക നിലയം തുറന്ന് പ്രവർത്തിപ്പിക്കുവാനാവുന്നില്ലെങ്കിൽ ഇവിടെയുള്ള പുസ്തകങ്ങളുടെ കൃത്യമായ കണക്കെടുത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാംസ്കാരിക നിലയത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിഷ്ക്രിയ ആസ്തിയായ സാംസ്കാരിക നിലയം



സാംസ്കാരിക നിലയങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറ്റാതെ പ്രദേശവാസികളുടെ സാംസ്കാരിക ഉന്നമനത്തിനായുള്ള ഇടപെടലുകൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-22 ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 2020-21 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കുകയും പ്രോജക്ട് നടപ്പിലാക്കിയ മുറയ്ക്ക് പഞ്ചായത്തിൽ നിന്നും ചെക്ക് മുഖേന ചെലവഴിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ചെലവ് വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ചെക്ക് നം./തീയതി |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 1,18,200 | S0126/21 | കോഴി വളർത്തൽ-ജനറൽ(വനിത) | 1,18,200 | 39375/31.3.21 |
| | 7,200 | S0128/21 | കോഴി വളർത്തൽ-എസ്.സി(വനിത) | 7,200 | |
| | 1,20,000 | S0122/21 | പോത്തുകുട്ടി വിതരണം(എസ്.സി) | 1,20,000 | |
| കൃഷി ഓഫീസർ | 133920 | S0162/21 | ഗ്രോബാഗ് വിതരണം-ജനറൽ | 1,33,920 | 40803/31.3.21 |

മേൽ പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/30.5.22), മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരം ചെലവഴിക്കപ്പെടുന്ന എല്ലാ ചെലവുകളും സുലേഖയിൽ ഉൾപ്പെടുന്നു എന്നും ചെലവുകളെല്ലാം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം അധികചെലവ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00068510/12.5.20 | 6,338 | 951 | 35185/28.7.20 |
| കേരളകൗമുദി | BLALP00068483/1.5.20 | 6,338 | 951 | 35185/28.7.20 |

| | | | | |
|---|---|---|---|---|
| The Hindhu | IA111520617/ 26.11.15 | 6,600 | 990 | 36544/22.10.20 |
| | ആകെ | | 2,892/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 2,892/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/27.5.22), മറുപടി ലഭ്യമാക്കിയില്ല. 2,892/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-24 സ്ട്രീറ്റ് മെയിൻ നീട്ടൽ (പ്രോ.നം 8/21) - പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖേന നൂറനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടുന്നതിനായി ആവിഷ്കരിച്ച മേൽ പദ്ധതിയുടെ ഭാഗമായി താഴെപറയുന്ന വാർഡുകളിലെ ലൈൻ ദീർഘിക്കലിനായി 6,72,683/- രൂപ ബോർഡിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | നിക്ഷേപിച്ച തുക |
|---|---|---|
| 01 | നൂറനാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തിന്റെ 3 മുതൽ 8 വരെയും 10 മുതൽ 12 വരെയുമുള്ള വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 5,28,723 |
| 02 | ചാരമൂട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | 1,43,960 |
| | ആകെ തുക | 6,72,683 |

പ്രോജക്ട് നമ്പർ 8/21 പ്രകാരമുള്ള മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് എൻക്വയറി നം.27/30.5.2022) രേഖകൾ ഹാജരാക്കിയില്ല. പൂർത്തീകരണ, ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ 6,72,683/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാർഷിക കണക്കിലും, ഡെപ്പോസിറ്റ് രജിസ്റ്ററിലും ടി തുകയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലും രജിസ്റ്ററിലും ടി തുകയുടെ വിവരം ചേർക്കേണ്ടതും പ്രവർത്തി യഥാസമയം പൂർത്തിയാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതുമാണ്.
ചെലവ് വിവരം.
ബിൽ നം.08/30.06.2020 - 6,72,683

## 1-25 തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 77/2021) - സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി തനത് ഫണ്ടിൽ നിന്നും 13,00,000/- രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച് സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടിനായി 8,23,845/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,48,545/- രൂപ മെറ്റീരിയൽസ് വാങ്ങുന്നതിനും 3,82,300/- രൂപ വേതനം നൽകുന്നതിനും 93,000/- രൂപ വാഹന വാടക നൽകുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്. തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമായി നടത്തുന്നതിന് 2020-21 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിക്കുന്നതിനും ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്കെടുക്കുന്നതിനും 3.6.2020ൽ C5-2365/2020 നമ്പരായി ടെണ്ടർ ക്ഷണിച്ചതിൽ അറ്റകുറ്റപ്പണിയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ശ്രീ.രാജേഷ് കുമാറും (ഒരു പോസ്റ്റ് അറ്റകുറ്റപ്പണി നടത്തുന്നതിന് 100 രൂപ), വാഹനം വാടകയ്ക്ക് നൽകുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.സന്തോഷ് (പ്രതിദിനം 1,000/- രൂപ) എന്നിവരുടെ ടെണ്ടർ അംഗീകരിച്ച് ഇവരുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, തൻവർഷം 3823 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ.രാജേഷ വേതനമിനത്തിൽ 3,82,300/- രൂപയും സന്തോഷിന് വാഹന വാടകയിനത്തിൽ 93,000/- രൂപയും നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ഉത്തരവ് നമ്പർ ജി2-44274/2015 പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിച്ച് തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്ന സാഹചര്യത്തിൽ ദിവസ വേതനമായി 700 രൂപയോ അല്ലെങ്കിൽ പോൾ ഒന്നിന് പരമാവധി 75 രൂപയോ ആയി വേതനം നിജപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിനായി വിരുദ്ധമായി പോൾ ഒന്നിന് 100 രൂപ നിരക്കിൽ വേതനം നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് 95,575/- രൂപയുടെ (3823x100 - 3823x75) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം അധികം ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും

ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/30.5.2022) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം

വൗച്ചർ നം.2201658/3.12.2020 - 3,02,411/-

വൗച്ചർ നം.22001191/31.3.2021 - 1,67,732/-

## 1-26 പാലിന് സബ്സിഡി അധികനിരക്കിൽ നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പഞ്ചായത്ത് പരിധിയിലുള്ള 8 ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000) കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ മൂന്ന് പ്രോജക്ടുകളിലും വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./ തീയതി | ക്ഷീരസംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക |
|---|---|---|---|---|
| S00 46/21 പാലിന് സബ്സിഡി (ജനറൽ) അടങ്കൽ- 9,00,000/- ചെലവ്- 9,00,000/- | 10/2020-21 Dt 14.1.2021 164960 | ഒക്ടോബർ,നവംബർ മാസങ്ങളിലെ പാലളവ് 38680x4=154720 | 38680x3=116040 | 38,680 |
| | 11/2020-21 Dt14.1.2021-150428/- | ഡിസംബർ മാസത്തെ പാലളവ് 37607x4=150428 | 37607x3=112821 | 37,607 |
| | 15/2020-21 Dt10.2.2021-92335/- | ജാനുവരി മാസത്തെ പാലളവ് 23084x4=92335 | 23084x3=69252 | 23,083 |
| S0045/21 പാലിന് സബ്സിഡി (വനിത) അടങ്കൽ- 7,00,000/- ചെലവ്- 7,00,000/- | 12/2020-21dt 14.1.2021-76060/- | ഒക്ടോബർ മാസങ്ങളിലെ പാലളവ് 19015x4=76060 | 19015x3=57045 | 19,015 |
| | 13/2020-21 Dt14.1.2021-135816/- | ഒക്ടോബർ, നവംബർ മാസങ്ങളിലെ പാലളവ് 33954x4=135816 | 33954x3=101862 | 33,954 |
| S0047/21 പാലിന് സബ്സിഡി (എസ്.സി.പി) അടങ്കൽ- 1,00,000/- ചെലവ്- 1,00,000/- | 14/2020-21 Dt15.1.2021-28708/- | ഒക്ടോബർ, നവംബർ മാസങ്ങളിലെ പാലളവ് 7177x4=28708 | 7177x3=21531 | 7,177 |

| | | | | |
|---|---|---|---|---|
| ആകെ | | | | 1,59,516/- |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(2/26.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായല്ലാതെ നൽകിയ 1,59,516/-തിരികെ ഈടാക്കേണ്ടതാണ്.

## 1-27 വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ, സർവ ശിക്ഷാ അഭിയാൻ എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ കൈപ്പറ്റ് തസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പ്രോജക്ടിന്റെ പേര് | നൽകിയ തുക | തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|
| ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ (പ്രോ.നം. 16/21) | 88,138/- ബിൽ നം. 04/ 3.6.2020) | ഐ.കെ.എം-ൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. |
| എസ്.എസ്.എ വിഹിതം നൽകൽ (പ്രോ.നം.17/21) | 5,00,000/- ബിൽ നം.23/ 9.6.2020) | എസ്.എസ്.എ-യിൽ നിന്നുള്ള കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| ആകെ | 5,88,138 | |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/30.5.2022) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ മേൽ സ്ഥാപനങ്ങൾക്ക് നൽകിയ 5,88,138/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 വീട് വാസയോഗ്യമാക്കൽ എസ്.സി (പ്രോ.നം 66/21) - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം പട്ടികജാതി വിഭാഗത്തിലുള്ള ശ്രീമതി അനുപമ സന്തോഷ് എന്നയാൾക്ക് വീടിന്റെ അറ്റകുറ്റപ്പണിയ്ക്കായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കി കുറഞ്ഞത് എട്ട് വർഷം പൂർത്തിയായവർക്കാണ് ടി പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നത്. വീടിന്റെ പഴക്കം സംബന്ധിച്ച് ശ്രീമതി അനുപമ സന്തോഷിന് നൂറനാട് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ സാക്ഷ്യപത്ര പ്രകാരം ടിയാരിയുടെ ഭർത്താവ് ശ്രീ.സന്തോഷിന്റെ പേരിലുള്ള 06/78 നമ്പർ കെട്ടിടത്തിന് 2013-14 വർഷം അസസ്സ്മെന്റ് രജിസ്റ്റർ അനുസരിച്ച് എട്ട് വർഷത്തെ പഴക്കവും 48 ച.മീ വിസ്തീർണ്ണവുമുണ്ടെന്നും എന്നാൽ പ്രാദേശിക പരിശോധനയിൽ നിലവിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 95 ച.മീ ആണെന്നും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

2013-14 വർഷം അസസ്സ് ചെയ്ത കെട്ടിടത്തിന് 2020-21 വർഷത്തിലാണ് എട്ട് വർഷം പൂർത്തിയാകുന്നത്. അതായത് ടിയാരിയെ ഗുണഭോക്താവായി തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത കെട്ടിടത്തിന് എട്ട് വർഷത്തെ പഴക്കമില്ലെന്ന് വ്യക്തമാണ്. കൂടാതെ 2013-14 വർഷത്തിന് ശേഷം കെട്ടിട ഉടമ കെട്ടിടത്തിന്റെ വിസ്തീർണ്ണം ഇരട്ടിയോളം വർദ്ധിപ്പിച്ചിട്ടുമുണ്ട്. അറ്റകുറ്റപ്പണിയ്ക്കായുള്ള എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ പരിശോധിച്ചതിൽ, ഇപ്രകാരം കൂട്ടിച്ചേർത്ത മുറികളുടെ പ്ലാസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ, 210 പേരെ ഗ്രാമസഭ മുഖേന ആനുകൂല്യത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതായി കാണുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതിൽ 20 പേർക്ക് മാത്രമാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റിൽ മുന്നിലായതുകൊണ്ടാണ് ശ്രീമതി അനുപമ സന്തോഷിനെ ആനുകൂല്യത്തിനായി പരിഗണിച്ചതെന്നും 2013-14ൽ തന്നെയാണ് വീടിന്റെ വിസ്തീർണ്ണം 95 ച.മീ ആയി വർദ്ധിപ്പിച്ചതെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/30.5.2022) മറുപടി നൽകിയത്. ടി മറുപടി അംഗീകരിക്കാവുന്നതല്ല. അർഹതയുള്ള അനേകർ ലിസ്റ്റിൽ ഉള്ളപ്പോൾ ടിയാരിയെ ആനുകൂല്യത്തിനായി തെരഞ്ഞെടുത്തത് ക്രമവിരുദ്ധമായ നടപടിയാണ്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അർഹതാ മാനദണ്ഡങ്ങൾ കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് കെയർ പ്രോജക്ട്-മരുന്നുകളും മരുന്നുപകരണങ്ങളും പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം - S 0040/21

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ പ്രോജക്ട്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

വകയിരുത്തൽ

വികസനഫണ്ട് - 7,00,000/-, തനത് ഫണ്ട് - 5,50,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1,00,000/-, ആകെ അടങ്കൽ - 13,50,000/-

മേൽ പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവിൽ അപാകതയുള്ളവയുടെ വിവരം താഴെ കൊടുക്കുന്നു.

1) ചെക്ക് നം.463308/16.2.21 തുക.3,64,819/-

ഇതിൽ നിന്നും 2,36,016/-രൂപ KMSCL ന് നൽകി.

KMSCL ന്റെ PRF 4749/25.1.21 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 18 ഇനം മരുന്നുകൾക്കായി 96,045/-രൂപ നൽകി. എന്നാൽ 87,410/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 8,635/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

KMSCL ന്റെ PRF 4750/25.1.21 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 7 ഇനം മരുന്നുകൾക്കായി 1,00,000-രൂപ നൽകി. എന്നാൽ 96,621/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 3,379/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

2) ചെക്ക് നം.463318/24.3.21 തുക.59,999/-

59,999/-രൂപ KMSCL ന് നൽകി.

KMSCL ന്റെ PRF 5490/17.2.21 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 8 ഇനം മരുന്നുകൾക്കായി 59,999/-രൂപ നൽകി. എന്നാൽ 54,406/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 5,593/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/30.5.22) മറുപടി ലഭ്യമാക്കിയില്ല. 17,607/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവർത്തികളുടെ ദർഘാസ് പരസ്യം - ടെണ്ടർ തീയതിയ്ക്ക് ശേഷം പരസ്യം പ്രസിദ്ധീകരിച്ചു

നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി ദേശാഭിമാനി ദിനപത്രത്തിൽ മരാമത്ത് പ്രവർത്തികളുടെ വിൻഡോ പരസ്യം നൽകിയതിന്റെ തുക അനുവദിക്കുന്നതിനായി എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ 24.12.2020ലെ 01/AE/LSGD/NGP/project 2020-21 നമ്പർ കത്ത് പ്രകാരം സെക്രട്ടറിയോട് അഭ്യർത്ഥിക്കുകയുണ്ടായി. തുക നൽകുന്നതിനായി ടി കത്തിൽ പ്രതിപാദിച്ചിട്ടുള്ള വിൻഡോ പരസ്യങ്ങളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 01 | ALP/2020-21/0114 | 6,426 |
| 02 | ALP/2020-21/0431 | 5,141 |
| 03 | ALP/2020-21/0540 | 7,711 |
| 04 | ALP/2020-21/0652 | 5,141 |
| 05 | ALP/2020-21/0113 | 6,426 |
| | ആകെ | 30,845 |

മേൽ ഇൻവോയ്സുകൾ പരിശോധിച്ചതിൽ, ക്രമ നമ്പർ 01, 05 എന്നീ ഇൻവോയ്സുകൾ പ്രകാരമുള്ള പരസ്യങ്ങൾ 22.05.2021ലെ ദിനപത്രത്തിലേതാണ്. ഇതിൽ ഒരെണ്ണം 2019-20 വർഷത്തെ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ചും രണ്ടാമത്തേത് 2020-21 വർഷത്തെ മരാമത്ത് പ്രവർത്തികൾ സംബന്ധിച്ചുള്ളതുമാണ്. 2019-20 വർഷത്തെ വിൻഡോ പരസ്യത്തിൽ ദർഘാസുകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി 24.03.2020 ആണ്. എന്നാൽ ടി പരസ്യം 22.05.2021ലെ ദിനപത്രത്തിലാണ് പ്രസിദ്ധീകരിച്ച് വന്നിട്ടുള്ളത്. അതായത് ടെണ്ടർ നടപടികൾ കഴിഞ്ഞ് രണ്ട് മാസത്തിന് ശേഷമാണ് പത്രസ്ഥാപനം പരസ്യം നൽകിയത്. ഇത് ശ്രദ്ധിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറ്റ് ബില്ലുകളോടൊപ്പം ടി തുകയും അനുവദിക്കുവാൻ ശുപാർശ നൽകിയത്. തുടർന്ന പദ്ധതി ആസൂത്രണ, നിർവ്വഹണ, മോണിട്ടറിംഗ് ചെലവുകൾക്കായുള്ള പദ്ധതി വിഹിതത്തിൽ നിന്നും തുക മാറി നൽകുന്നതിന് ബില്ല് ജനറേറ്റ് ചെയ്ത് ബിൽ ബുക്കിൽ ചേർത്തിട്ടുണ്ടെങ്കിലും തുക പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ചതായി കാണുന്നില്ല. ടി തുക തനത് ഫണ്ടിൽ നിന്നും മാറി നൽകിയിട്ടുണ്ടെങ്കിൽ ആയത് പത്രസ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.32/31.05.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-31 കാലി വീപ്പ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കു ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 238/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ

ജി.എസ്.ടി ഈടാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 238 രൂപ നിരക്കിൽ ഈടാക്കിയ തുക | ജി.എസ്.ടി യിനത്തിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1 | 11/21 പഗോൺപടി ചാരിക്കൻപടിറോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15 ബാരൽ | 3,570 | 645 | 3/21.4.20 496399/- |
| 2 | 23/21 അഞ്ചു ടാറിംഗ്മൂല പെരുമ്പ്രാൽ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24 ബാരൽ | 5,712 | 1,032 | 10/11.5.20 500851/- 34/25.11.20 494832/- |
| 3 | 60/21 വലിയവീട്ടിൽ തടത്തിലയ്യത്ത് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 37 ബാരൽ | 8,,806 | 1,634 | 31/24.11.20, 529687/- 52/8.2.21, 969586/- |
| 4 | 56/21 ഇലഞ്ഞിയുടെ വടക്കേതിൽ അഴീക്കോടൻ ജംഗ്ഷൻ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16 ബാരൽ | 3,808 | 688 | 50/22.1.21 464737/- |
| 5 | 58/21 കുറ്റിതെക്കേതിൽ മലയിൽ ജം. റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 3,094 | 559 | 38/7.1.21, 499968/- |
| 6 | 48/21 ഉണ്ടിയിൽ മുക്ക് അമ്മായിക്കുന്ന് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9 ബാരൽ | 2,142 | 387 | 48/22.1.21 219616/- |
| 7 | 91/21 തട്ടക്കാട്ട് പടി-കിണറ്റിങ്കരയത്ത് പടി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22 ബാരൽ | 5,236 | 946 | 18/21.5.20 548183 |
| 8 | 61/21 പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19 ബാരൽ | 4,522 | 817 | 42/8.1.21 497676 |

| | | | | | | |
|---|---|---|---|---|---|---|
| | റീ ടാറിംഗ് | | | | | |
| 9 | 51/21 പള്ളിമുക്കം ക്ഷേത്രം വട്ടപ്പറമ്പിൽ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4,046 | 731 | 42/8.1.21 497676 |
| 10 | 92/21 സരസ്വതി വിലാസം മലർവാടി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21 ബാരൽ | 4,998 | 903 | 17/20.5.20 |
| 11 | 1/21 ഉണ്ടിയിൽ ജം. പുതുപ്പള്ളിക്കുന്നം ബണ്ട് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 3,332 | 602 | 15/20.5.20 567707/- |
| 12 | 94/21 പുത്തൻപുരയ്ക്കൽ കുന്നയ്യത്ത് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4,046 | 731 | 53/1.3.21 458300 |
| 13 | 96/21 ശ്രീനിലയം മുക്ക് ഉണ്ടത്തിൽമുക്ക് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23 ബാരൽ | 5,474 | 989 | 24/24.9.20 497824/- |
| 14 | 54/21 കല്ലിരിക്കുന്നേൽ കമ്പിളിമല റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4,046 | 731 | 32/24.11.20 384349 |
| 15 | 39/21, കടക്കലേത്ത് പറപെട്ടി ലക്ഷംവീട് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11 ബാരൽ | 2,618 | 473 | 49/22.1.21 278515 |
| 16 | 55/21 മഠത്തിൽ കടവിങ്കലേത്ത് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 18 ബാരൽ | 4,284 | 774 | 43/8.1.21 499116 |
| 17 | 95/21 കല്ലിരിക്കുന്നേൽ പടി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22 ബാരൽ | 5,236 | 946 | 25/29.9.20 497709/- |
| | ആകെ | | | 74,970 | 13,588 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/30.5.22) മറുപടി ലഭ്യമാക്കിയില്ല. ബാരൽ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 74,970/-രൂപ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ അടക്കേണ്ടതും ജി.എസ്.ടി.യിനത്തിൽ നഷ്ടമായ 13,588/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-32 പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് റീ ടാറിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ -61/21

അടങ്കൽ -5,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

കരാറുകാരൻ- കെ.ബി.സുഗതൻ, ബിൽ നമ്പർ - 42/8.1.21, 498257/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് അനുബന്ധം 2ൽ ഇനം 1പ്രകാരം റോഡ് സൈഡ് കോൺക്രീറ്റിംഗിനായി എർത്ത് വർക്ക് എസ്കവേഷൻ 2x51.25x0.50x0.10 = 5.125$m^3$ ചെയ്തിട്ടുണ്ട്. കൂടാതെ രണ്ടാമിനമായി കൺസ്ട്രക്ഷൻ ഓഫ് പി.സി.സി. വിത്ത് M-20 ഗ്രേഡ് വിത്ത് ഫോം വർക്ക് 2x51.25x0.50x0.10 = 5.125$m^3$ അളവിൽ ചെയ്തത് 5$m^3$ ൽ പരിമിതപ്പെടുത്തി 8461/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് ഫോംവർക്ക് ആവശ്യമില്ലാത്തതിനാൽ ആകെ മൂല്യത്തിൽ നിന്നും ഫോംവർക്കിന് അനുവദിച്ചിരുന്ന 197.26/$m^3$ നിരക്കിൽ 5$m^3$ ന് 986/- (5x197.26), രൂപ കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ അധികം പിൻവലിച്ച തുക മെയിന്റനൻസ് ഗ്രാന്റിലേക്ക് തന്നെ തിരിച്ചടക്കേണ്ടതാണ്. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം പിൻവലിച്ച 986/-രൂപ തിരികെ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-33 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കാതിരിക്കുകയോ/ഈടാക്കിയതിൽ കുറവോ സംഭവിച്ചിട്ടുള്ളതായി കാണുന്നു. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ചു നൽകുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തിയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | | ഈടാക്കിയ ഫൈൻ | കുറവ് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 66/19 (22/21) സ്കൂളുകളുടെ മെയിന്റനൻസ് | അശോകൻ എം. 1170566/- | 20.7.2019 7 മാസം | 19.2.20 | 4.6.20 | 3 മാസം, 16 ദിവസം | 19.5.20 വരെ 1170566x1% | 11705 | 00 | 15867 | 21/ 26.8.20 632100/- |
| | | | | | | | 4.6.20 വരെ 16 ദിവസം 1170566x2% X16/90 | 4162 | | | |
| | | | | | | | ആകെ | 15867 | | | |
| 2 | 1/21 ഉണ്ടിയിൽ ജം. പുതുപ്പള്ളി കുന്നം ബണ്ട് റോഡ് റീ ടാറിംഗ് | ആനന്ദൻ 579877 | 26.2.2019 6 മാസം | 25.8.19 | 12.2.2020 | 3 മാസം, 78 ദിവസം | 24.11.19 വരെ 579877x1% | 5799 | 11354 | 4496 | 15/ 20.5.20 567707/- |
| | | | | | | | 12.2.20 വരെ 78 ദിവസം | 10051 | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | 579877x2% X78/90 | | | | |
| | | | | | | | ആകെ | 15850 | | | |
| 3 | 25/21 അങ്കണ വാടി മെയിന്റനൻസ് രണ്ടാം ഘട്ടം | 1345748 | 6.3.19 7 മാസം | 5.10.19 | 20.3.20 | 5 മാസം, 15 ദിവസം | 5.1.20 വരെ 571345748x1% | 13457 | 00 | 35587 | 12/ 2.5.20 |
| | | | | | | | 20.3.20 വരെ 74 ദിവസം 1345748x 2%x74/90 | 22130 | | | |
| | | | | | | | ആകെ | 55,980 | | | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/30.5.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-34 എർത്ത് വർക്ക് എക്സ്കവേഷന് അധിക നിരക്ക് അനുവദിച്ചു

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം, കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുദിച്ച തുക/അളവു പുസ്തകം | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 13/21, താണുവേലിൽ കുറ്റിയിൽ റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | രാജൻ കെ. | 17.5m3 @553.17/m3 =9680/- 64/19-20 | 17.5m3 @259.29 =4538 | 5142/- | ബിൽ നം. 6/21.4.21, 183203/ |
| | | | ആകെ | | 5142/- | |
| | | | 12% GST | | 617 | |
| | | | ആകെ | | 5759/- | |

| | | | | | | |
|---|---|---|---|---|---|---|
| 2 | 12/21 മേമന ജംഗ്ഷൻ ജോൺ വിലാസം റോഡ് സൈഡ് സംരക്ഷണം | രാജൻ കെ. | 16.625m3 @553.17/m3 =9196/-<br>65/19-20 | 16.625m3 @259.29 =4311 | 4885/- | ബിൽ നം. 14/25.5.20-138000,<br>7/21.4.20 - 261163/ |
| | | | ആകെ | | 4885/- | |
| | | | 12% GST | | 586 | |
| | | | ആകെ | | 5471/- | |
| 3 | 6/21 ഇലഞ്ഞിയുടെ വടക്കേതിൽ പാറപ്പുറത്ത് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | ഗോപിനാഥൻ പിള്ള | 30.66m3@496.1935*/m3 =15213/-<br>(*553.17-10.3%) | 30.66m3@232.58* =7131/-<br>(*259.29-10.3%) | 8082/- | 1/21.4.20<br>395539/- |
| | | | ആകെ | | 8082/- | |
| | | | 12% GST | | 570 | |
| | | | ആകെ | | 8652/- | |
| 4 | 24/21 പവർഹൗസ് പെരുമ്പ്രാൽ റോഡ് ഓട നിർമ്മാണം സൈഡ് കോൺക്രീറ്റിംഗ് | എ.എസ്.ആനന്ദൻ | 123.061m3 @457/m3* =56238/-<br>(*553.17-17.4%) | 123.061m3 @214.17/m3* =26356/-<br>(*259.29-17.4%) | 29882 | |
| | | | ആകെ | | 29882 | 9/11.5.20, 823675/-<br>27/1.10.20<br>624032/- |
| | | | 12% GST | | 3586 | |
| | | | ആകെ | | 33468 | |

ക്രമ നമ്പർ 4 ൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയുടെ തന്നെ 8-ാം ഇനമായി റോഡ് സൈഡ് കട്ടിംഗ് ഫോർ കോൺക്രീറ്റിംഗ് (എർത്ത് വർക്ക് എക്സ്കവേഷൻ) എന്ന പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ 3.5.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. ഒരേ പ്രവൃത്തിയിൽ തന്നെ വ്യത്യസ്ത നിരക്കുകൾ അനുവദിച്ചതായി കാണുന്നു. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/30.5.22) മറുപടി ലഭ്യമാക്കിയില്ല. എർത്ത് വർക്ക് എക്സ്കവേഷന് തെറ്റായ ഇനം ഉൾപ്പെടുത്തുന്നത് കരാറുകാർക്ക് അധിക തുക നൽകുന്നതിനും അതുവഴി അധിക ചെലവിനും ഇടയാക്കുന്നതാണ്. വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പഴയ സ്കൂൾ കെട്ടിടം പൊളിച്ചപ്പോൾ ലഭ്യമായ പുനരപയോഗ യോഗ്യമായ വസ്തുക്കൾ ലേലം ചെയ്തില്ല

പ്രോജക്ട് നമ്പർ -28/21

ഇടക്കുന്നം ഗവൺമെന്റ് യു.പി.സ്കൂൾ നവീകരണം

കരാറുകാരൻ- എം.അശോകൻ

31.1.2020ൽ 33/AE/19-20 പ്രകാരം 7 മാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് കരാറിലേർപ്പെട്ടിട്ടുള്ള പ്രവൃത്തിയാണ് ഇടക്കുന്നം ഗവൺമെന്റ് യു.പി.സ്കൂൾ നവീകരണം എന്നത്. ഫയൽ പരിശോധിച്ചതിൽ, സ്കൂളിന്റെ ഗേറ്റ്, ആർച്ച് എന്നിവ ചെയ്യേണ്ട സ്ഥലത്ത് മണ്ണ് കൂട്ടിയിട്ടിരിക്കുന്നതിനാൽ ആയത് ലേലം ചെയ്ത് പണി പുനരാരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് 7.1.21ൽ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയറോട് രേഖമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ സർവ്വേ റിപ്പോർട്ടിൽ 1,48,443/-രൂപ വിലമതിക്കുന്ന വിവിധ സാധനങ്ങൾ ഉൾപ്പെടുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl.No. | Dismantled Qty. | Assessed Qty. And Item | Value In Book | | Assessed Rate As Refer The Condition | |
|---|---|---|---|---|---|---|
| | | | Rate | Amount | Assessed Rate | Amount |
| 1 | 3685 | MP Tiles | 13.63 | 50229 | 5.452 | 14066.16 |
| 2 | 69 | Hip And Ridge Tile | 13.63 | 940 | 5.452 | 190.80 |
| 3 | 3.24 | Wood Work In Roof Truss | 70000 | 226800 | 35000 | 39690 |
| 4 | 0.38 | Wood Work In Doors And Windows | 70000 | 26600 | 35000 | 5320 |
| 5 | 2253 | Laterite | 46 | 103638 | 23 | 15546 |
| 6 | 49.82 | Grill Work | Nil | Nil | 15 | 747 |
| 7 | 44.61 | Rubble | 1467.9 | 65483.02 | 1467.90 | 40005 |
| 8 | 55.6959375 | Basement Earth | 300 | 16800 | 300 | 16800 |
| 9 | 1048.5kg | Fire Wood | Nil | Nil | 5 | 5242.50 |
| 10 | 50 | Debris (Waste) | Nil | Nil | 100 | 5000 |
| | Total | | | 490490 | | 148443 |

ആകെ നിർണ്ണയിച്ച മൂല്യം 148443 യായി നിജപ്പെടുത്തിയിട്ടുണ്ട്.

മേൽ സർവ്വേ റിപ്പോർട്ടനുസരിച്ച് പട്ടികയിലെ വസ്തുക്കൾ മൂന്ന് തവണ ലേലത്തിൽ വെച്ചിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ ലേലം നടന്നില്ലെന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ വസ്തുക്കൾ 19.2.21ന് ലേലം നടത്തിയെങ്കിലും ആരും തന്നെ പങ്കെടുക്കുകയുണ്ടായില്ലെന്ന് 26.2.21ലെ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്യുകയും ഈ വസ്തുക്കൾ മൂന്ന് തവണ ലേലം നടത്തിയെങ്കിലും ആരും തന്നെ ലേലം പിടിക്കാത്ത സാഹചര്യത്തിൽ ഇടക്കുന്നം സ്കൂൾ ഗ്രൗണ്ടിൽ മഴക്കാലത്ത് വെള്ളക്കെട്ടായി മാറുന്നതിനാൽ ഈ വേസ്റ്റ് ഗ്രൗണ്ടിൽ നിരത്തിയാൽ വെള്ളക്കെട്ടൊഴിവാകുകയും കുട്ടികൾക്കത് പ്രയോജനപ്പടുകയും ചെയ്യുമെന്നതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന എച്ച്.എമ്മിന്റെ കത്ത് കമ്മറ്റി ചർച്ച ചെയ്ത് വേസ്റ്റ് സ്കൂൾ ഗ്രൗണ്ടിൽ നിരത്തി ലെവലാക്കുന്നതിനും തുടർന്ന് ലേലം/കൊട്ടേഷൻ നടപടികളുമായി മുന്നോട്ട് പോകേണ്ടതില്ലെന്നും 26.2.21ലെ 16/2നമ്പരായി കമ്മറ്റി തീരുമാനിച്ചിരിക്കുന്നു. മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മണ്ണ് സ്കൂൾ ഗ്രൗണ്ടിൽ നിരത്തുന്നത് ഗ്രൗണ്ട് ലെവലാകുന്നതിനും വെള്ളക്കെട്ടൊഴിവാകുന്നതിനും സഹായകരമാ ണെന്നത് വിശ്വസനീയമാണ്. എന്നാൽ വിറക്, ഓട്, Rubble, Wood Work In Roof Truss, Wood Work In Doors And Windows തുടങ്ങി പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് വസ്തുക്കൾ സ്കൂൾ ഗ്രൗണ്ടിൽ നിരത്തി എന്നതിന്റെ സാംഗത്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിന്മേൽ കൂടുതൽ അന്വേഷണത്തിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ

ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈനില്ലാതെ എഗ്രിമെന്റ് വെക്കേണ്ട നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എഗ്രിമെന്റ് വെക്കേണ്ട കാലയളവ് ദീർഘിപ്പിച്ച നൽകിയിട്ടുള്ളതായോ കരാറുകാരൻ അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതായോഫയലിൽ രേഖപ്പെടുത്തലുകളില്ല. എന്നാൽ നിശ്ചിത തിയതിക്കു ള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തീയതി | ബിൽ നമ്പർ | ഈടാക്കിയ ഫൈൻ | ഈടാക്കേണ്ട ഫൈൻ | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 6/21 ഇലഞ്ഞിയുടെ വടക്കേതിൽ പാറപ്പുറത്ത് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | ഗോപിനാഥൻ പിള്ള 353159/- | 20.9.2019 | 15.10.2019 | 31.10.19 (4/AE/19-20) | 1/21.4.20 395539/-, | 00 | 3532 | 3532/- |
| 2 | 48/21 ഉണ്ടിയിൽ മുക്ക് അമ്മായിക്കുന്ന് റോഡ് റീ ടാറിംഗ് | ഗോപിനാഥൻ പിള്ള 196086/- | 9.7.20 | 24.7.20 | 11.8.20 5/AE/11.8.20 | 48/22.1.21 219616/- | 00 | 1960 | 1960 |
| | ആകെ | | | | | | | | 5492 |

മേൽ സൂചിപ്പിച്ചവിധം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കാതിരിക്കുകയോ/ ഈടാക്കിയ തിൽ കുറവോ സംഭവിച്ചിട്ടുള്ളത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/30.5.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിൽ നഷ്ടമായ 5,492/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-37 ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു

വർക്ക് കോഡ്- RC/317644, ആകെ പ്രവൃത്തി മൂല്യം-412,666/-

FTO-284913/14.12.20

1.പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 1

2020-21ൽ നടപ്പിലാക്കിയപാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 112/20-21 പ്രകാരം 150 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.10മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 45$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5781.15/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. 45$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 29.25$m^3$ 40mmമെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 1 പ്രകാരം 29.9$m^3$, 40mmമെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 27.65$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. 27.65$m^3$ 40mmമെറ്റൽ ഉപയോഗിച്ച് 0.65$m^3$ എന്ന നിരക്കിൽ റോഡ് കോൺക്രീറ്റ് ചെയ്യാവുന്ന അളവ് 42.5$m^3$ മാത്രമാണ്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക 42.5$m^3$x5781.15/$m^3$ =245699/-

അനുവദിച്ചത് - 45$m^3$x5781.15/$m^3$ =260152/-

അധികം - 14453/-

2. പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 3

വർക്ക് കോഡ്- RC/317675, ആകെ പ്രവൃത്തി മൂല്യം-212004/-

FTO-416095/12.11.20

പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 3 എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 114/20-21 പ്രകാരം 78 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.10മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 23.4$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5781.15/m3നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. 23.4$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 15.21$m^3$, 40mmമെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 1 പ്രകാരം 16.04$m^3$, 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 14.8$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

14.8$m^3$ 40mm മെറ്റൽ ഉപയോഗിച്ച് 0.65$m^3$ എന്ന നിരക്കിൽ റോഡ് കോൺക്രീറ്റ് ചെയ്യാവുന്ന അളവ് 22.8$m^3$ മാത്രമാണ്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക 22.8$m^3$x5781.15/$m^3$ =131810/-

അനുവദിച്ചത് - 23.4$m^3$x5781.15/$m^3$ =135278/-

അധികം - 3468/-

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 17,921/-രൂപ ഉത്തരവാദികളായ എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-38 തൊഴിലുറപ്പ് പദ്ധതി കയർഭൂവസ്ത്രം വിരിക്കൽ-അപാകതകൾ

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05 വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.80.8.63ൽ, ച.മീറ്ററിന് 71.662 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. മാമ്പഴക്കുന്ന് തോട് മുതൽ കൈതവളവ് വരെ തോട് പുനരുദ്ധാരണം

വർക്ക് കോഡ്- 384760

M-book No.- 77/20-21

FTO- 963002/26-5-21, 240110/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/3329, 26.2.21 | 1200$m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 12 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 1200m2 |
| പേജ് 10ൽ കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 1200m2, 85994/-രൂപ (1200 X 71.662/$m^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 1143$m^2$ (1200/1.05) X 71.662/$m^2$ = 81910/- രൂപ |
| അധികം നൽകിയത്. | | 85994 - 81910 = 4084/-രൂപ |

2. വാർഡ് 17-ൽ പനക്കൽ കല്ല താഴോട്ട് തോട് പുനരുദ്ധാരണം-

വർക്ക് കോഡ്- 386039

M-book No.- 15/20-21

FTO- No.-960581/28-5-22, 348715/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/3283, 24.2.21 | 1400$m^2$ |

| | |
|---|---|
| പേജ് 6ൽ ഉപയോഗിച്ച കയർഭ്രവസ്ത്രത്തിന്റെ അളവ് | 1400m2 |
| പേജ് 15ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 1400m2, 100326/-രൂപ (1400 X 71.662/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1333m2 (1400/1.05) X 71.662/m2 = 95525/- രൂപ |
| അധികം നൽകിയത്. | 100326- 95525= 4801/-രൂപ |

3. 4 -ാംവാർഡിൽ ആൽത്തറമൂട് പാണ്ഡ്യൻ തോട് പുനരുദ്ധാരണം-

വർക്ക് കോഡ്- 386054

M-book No.- 27/20-21

FTO- ലഭ്യാക്കിയില്ല, 343323/-

| | |
|---|---|
| കയർഭ്രവസ്ത്രം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 7ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 1400m2 |
| പേജ് 5ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 1400m2, 100326/-രൂപ (1400 X 71.662/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1333m2 (1400/1.05) X 71.662/m2 = 95525/- രൂപ |
| അധികം നൽകിയത്. | 100326- 95525= 4801/-രൂപ |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/30.5.22) ലഭ്യമാക്കിയ മറുപടിയിൽ കയർ ഭ്രവസ്ത്രം കയർ കോർപ്പറേഷനിൽ നിന്നും വാങ്ങിയ അത്രയും തന്നെ വിരിച്ചിട്ടുണ്ടെന്നും ആയതിനുള്ള തൊഴിൽ ദിനങ്ങൾക്ക് മാത്രമേ പണം ചെലവഴിച്ചിട്ടുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. കയർ ഭവസ്ത്രം ആവശ്യമായ വീതിയിലും നീളത്തിലും കട്ട് ചെയ്ത് ഓവർലാപ് ചെയ്ത് വിരിക്കുന്നതിനാവശ്യമായ മെറ്റീരിയലും തൊഴിൽ ദിനങ്ങളും കണക്കാക്കി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളതും അത് പ്രകാരം 1.05m2 കയർ ഭ്രവസ്ത്രംഉണ്ടെങ്കിൽ മാത്രമേ 1m2കയർഭ്രവസ്ത്രം വിരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 13,686/-രൂപ (4084+4801+4801) ഉത്തരവാദികളായ എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-39 പദ്ധതി വിഹിതം ചെലവ് ആകെ ചെലവിന് ആനുപാതികമായി ക്രമപ്പെടുത്തിയില്ല

പ്രോജക്ട് നമ്പർ -86/21

അങ്കണവാടികൾക്ക് പുതിയ കെട്ടിടം

അടങ്കൽ -14.50 ലക്ഷം,

(കേന്ദ്രാവിഷ്കൃത ഫണ്ട് 8,70,000/, തദ്ദേശ സ്ഥാപന വിഹിതം-5,80,000/-)

ആകെ ചെലവ്- 12,67,458/-രൂപ

5,80,000/-ചെക്ക് നമ്പർ 917989/26.12.19(ജില്ലാ പഞ്ചായത്ത് വിഹിതം)

6,87,458/- ചെക്ക് നമ്പർ 1492323/28.12.20(കേന്ദ്രാവിഷ്കൃത ഫണ്ട്)

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ അങ്കണവാടികൾക്ക് പുതിയ കെട്ടിടം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, 31.3.2018ലെ 223/18സാ.നി.വ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതിയാണിത്. ഈ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരും തദ്ദേശ സ്വയം ഭരണ വകുപ്പും കെട്ടിട നിർമ്മാണ ചെലവിനത്തിൽ വഹിക്കേണ്ട വിഹിതം 60:40 എന്ന അനുപാതത്തിലാ യിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടാണ് ഭരണാനുമതി നൽകി യിട്ടുള്ളത്. തുടർന്ന് വനിത ശിശു വികസന ഡയറക്ടറുടെ 26.9.2018ലെ ICDS/A7 /361217നടപടിക്രമം അനുസരിച്ച് ഒരു അംഗനവാടി കെട്ടിടത്തിന്റെ നിർമ്മാണചെലവായ 14.50ലക്ഷം രൂപയുടെ 60% തുകയായ 8,70,000/ രൂപ 4235-02-102-07 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാനും 40% തുകയായ 5,80,000/-രൂപ തദ്ദേശ സ്ഥാപനം വഹിക്കുവാനും വ്യവസ്ഥചെയ്തിരുന്നു.

മേൽ നിർദ്ദേശാനുസരണം പദ്ധതി തയ്യാറാക്കിയെങ്കിലും കെട്ടിട നിർമ്മാണത്തിന് ആകെ ചെലവായ 12,67,458/-രൂപ 60:40 എന്ന അനുപാതത്തിൽ ക്രമപ്പെടുത്തിയില്ല. പ്രസ്തുത നിർദ്ദേശാനുസരണം ചെലവ് ക്രമപ്പെടുത്തുമ്പോൾ 7,60,475/-രൂപ (12,67,458x60%) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും, 5,06,983/-രൂപ (12,67,458x40%) തദ്ദേശ സ്ഥാപന വിഹിതമായും ചെലവഴിക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ക്രമപ്പെടുത്താതെ 5,80,000/-രൂപ ചെക്ക് നമ്പർ 917989/26.12.19 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ പദ്ധതി വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം പദ്ധതിവിഹിതത്തിൽ നിന്നും അധികം ചെലവഴിച്ച 73,017/-രൂപ ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. അതുവരെ പദ്ധതി വിഹിതത്തിൽ നിന്നും അധികമായി

ചെലവഴിച്ച 73,017/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-40 കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകിയിട്ടില്ല യെങ്കിലും 11 വോളന്റിയർമാരെ പഞ്ചായത്തിൽ നിയമിച്ചു.

പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിഗണന നൽകേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തിച്ചുവന്നിരുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി (വൃക്ക രോഗ ബാധിതർ, അർബുദ രോഗകൾ) പൊതുവിഭാഗം വികസന ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് മരുന്നുകൾ വാങ്ങി വിവിധ പദ്ധതികൾ വഴി വിതരണം ചെയ്തു. കിടപ്പു രോഗികൾക്കും ക്വോറന്റീനിലായവർക്കും മരുന്നും മറ്റ് സഹായങ്ങളും ലഭ്യമാക്കുവാൻ പഞ്ചായത്തിന് സാധിച്ചിരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ കൈക്കൊണ്ടിരുന്നു.

സി.എഫ്.എൽ.ടി.സി പഞ്ചായത്ത് തലത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നിർദ്ദേശനുസരണം ശ്രീബുദ്ധ എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇതിനു വേണ്ട ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ചെയർപേഴ്ണായി പ്രസിഡന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്പോൺസർഷിപ്പ്, ഡൊണേഷൻ എന്നിവ ലഭ്യമായിട്ടില്ല. സി.എഫ്.എൽ.ടി.സി യുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് അഡ്വാൻസായി 3,00,000/- രൂപ (Amount For Of CFLTC In LSGD- Order No DMC5-5935/2020 Dtd 10/08/2020 Of DC,Alp) ലഭിച്ചിരുന്നു.

കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റ് വഴി കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചിരുന്നു.

2020 മാർച്ച് 27-ാം തീയതി കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിക്കുകയും നിർധനർ, കിടപ്പുരോഗികൾ, അഗതികൾ, അതിഥി തൊഴിലാളികൾ എന്നിവർക്ക് ഭക്ഷണം എത്തിച്ച് കൊടുക്കുകയും ചെയ്തു. കൂടാതെ 20/- രൂപ നിരക്കിൽ ഭക്ഷണം നൽകുന്ന വിശപ്പുരഹിത കേരളം പദ്ധതി ജനകീയ ഹോട്ടൽ വഴിയും ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണം നടത്തിയിട്ടുണ്ട്.

കോവിഡ് പശ്ചാത്തലത്തിൽ കുട്ടികളുടെ പഠനത്തിന് ഭംഗം വരാതിരിക്കുന്നതിനായി നൂറനാട് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് വിക്ടേഴ്സ് ചാനൽ വഴി ഫസ്റ്റ് ബെൽ പ്രോഗ്രാം കാണുന്നതിനുവേണ്ടിയുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം അധികചെലവ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തെ ജനറൽ പർപ്പസ് ഫണ്ട് വൗച്ചർ പരിശോധനയിൽ വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക് നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00068510/12.5.20 | 6338 | 951 | 35185/28.7.20 |
| കേരളകൗമുദി | BLALP00068483/1.5.20 | 6338 | 951 | 35185/28.7.20 |

| | | | | |
|---|---|---|---|---|
| The Hindu | IA111520617/26.11.15 | 6600 | 990 | 36544/22.10.20 |
| | ആകെ | | 2,892/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 2,892/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/27.5.22), മറുപടി ലഭ്യമാക്കിയില്ല. 2,892/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം - 77/2021) – സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി തനത് ഫണ്ടിൽ നിന്നും 13,00,000/- രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ മേൽ പ്രോജക്ടിനായി 8,23,845/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 3,48,545/- രൂപ മെറ്റീരിയൽസ് വാങ്ങുന്നതിനും 3,82,300/- രൂപ വേതനം നൽകുന്നതിനും 93000/- രൂപ വാഹന വാടക നൽകുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്. തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമായി നടത്തുന്നതിന് 2020-21 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിക്കുന്നതിനും ഡ്രൈവർ ഉൾപ്പെടെ വാഹനം വാടകയ്ക്കെടുക്കുന്നതിനും 3.6.2020ൽ C5-2365/2020 നമ്പരായി ടെണ്ടർ ക്ഷണിച്ചതിൽ അറ്റകുറ്റപ്പണിയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്തത് ശ്രീ.രാജേഷ് കുമാറും (ഒരു പോസ്റ്റ് അറ്റകുറ്റപ്പണി നടത്തുന്നതിന് 100 രൂപ), വാഹനം വാടകയ്ക്ക് നൽകുന്നതിന് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.സന്തോഷ് (പ്രതിദിനം 1,000/- രൂപ) എന്നിവരുടെ ടെണ്ടർ അംഗീകരിച്ച് ഇവരുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, തൻവർഷം 3823 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ.രാജേഷ് വേതനമിനത്തിൽ 3,82,300/- രൂപയും സന്തോഷിന് വാഹന വാടകയിനത്തിൽ 93,000/- രൂപയും നൽകിയിട്ടുണ്ട്.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.08.2015ലെ ഉത്തരവ് നമ്പർ ജി2-44274/2015 പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്ത് മാതൃകയിൽ കരാർ അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിച്ച് തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്ന സാഹചര്യത്തിൽ ദിവസ വേതനമായി 700 രൂപയോ അല്ലെങ്കിൽ പോൾ ഒന്നിന് പരമാവധി 75 രൂപയോ ആയി വേതനം നിജപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിനായി വിരുദ്ധമായി പോൾ ഒന്നിന് 100 രൂപ നിരക്കിൽ വേതനം നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് 95,575/- രൂപയുടെ (3823x100 – 3823x75) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം അധികം ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് വിശദീകരണം നൽകുന്നതിനായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/30.5.2022) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം

വൗച്ചർ നം.2201658/3.12.2020 - 302411/-

വൗച്ചർ നം.22001191/31.3.2021 – 167732/-

## 3-3 പാലിന് സബ്സിഡി അധികനിരക്കിൽ നൽകി

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പഞ്ചായത്ത് പരിധിയിലുള്ള 8 ക്ഷീരസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപയുൾപ്പെടെയാണ് ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ഒരു വർഷം ഒരു കർഷകന് പരമാവധി 40000) കണക്കാക്കി അത്രയും തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ മൂന്ന് പ്രോജക്ടുകളിലും വികസനഫണ്ടിൽ നിന്നുതന്നെ 4 രൂപ നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം./ തീയതി | ക്ഷീരസംഘങ്ങളുടെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയ തുക | വികസന ഫണ്ടിൽ നിന്നും നൽകാവുന്ന തുക | വികസന ഫണ്ടിൽ നിന്നും അധികം നൽകിയ തുക |
|---|---|---|---|---|
| S00 46/21 പാലിന് സബ്സിഡി (ജനറൽ) അടങ്കൽ- 9,00,000/- ചെലവ്- | 10/2020-21 Dt 14.1.2021 164960 | ഒക്ടോബർ, നവംബർ മാസങ്ങളിലെ പാലളവ് 38680x4=154720 | 38680x3=116040 | 38,680 |
| | 11/2020-21 Dt14.1.2021-150428/- | ഡിസംബർ മാസത്തെ പാലളവ് | 37607x3=112821 | 37,607 |

| | | | | |
|---|---|---|---|---|
| 9,00,000/- | | 37607x4=150428 | | |
| | 15/2020-21<br>Dt10.2.2021-92335/- | ജനുവരി മാസത്തെ പാലളവ്<br>23084x4=92335 | 23084x3=69252 | 23,083 |
| S0045/21<br>പാലിന് സബ്സിഡി (വനിത)<br>അടങ്കൽ-7,00,000/-<br>ചെലവ്-7,00,000/- | 12/2020-21dt 14.1.2021-76060/- | ഒക്ടോബർ മാസങ്ങളിലെ പാലളവ്<br>19015x4=76060 | 19015x3=57045 | 19,015 |
| | 13/2020-21<br>Dt14.1.2021-135816/- | ഒക്ടോബർ, നവംബർ മാസങ്ങളിലെ<br>പാലളവ്<br>33954x4=135816 | 33954x3=101862 | 33,954 |
| S0047/21<br>പാലിന് സബ്സിഡി (എസ്.സി.പി)<br>അടങ്കൽ-1,00,000/-<br>ചെലവ്-1,00,000/- | 14/2020-21<br>Dt15.1.2021-28708/- | ഒക്ടോബർ, നവംബർ മാസങ്ങളിലെ<br>പാലളവ്<br>7177x4=28708 | 7177x3=21531 | 7,177 |
| ആകെ | | | | 1,59,516/- |

പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.(2/26.5.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായല്ലാതെ നൽകിയ 1,59,516/-തിരികെ ഈടാക്കേണ്ടതാണ്.

## 3-4 കാലിവീപ്പ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടി.യുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കു ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 238/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഫണ്ടിനം | ഉപയോഗിച്ച | 238 രൂപ നിരക്കിൽ | ജി.എസ്.ടി യിനത്തിൽ | ബിൽ നമ്പർ |
|---|---|---|---|---|---|---|

| | | | ബിറ്റുമിന്റെ അളവ് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | |
|---|---|---|---|---|---|---|
| 1 | 11/21 പഗോൺപടി ചാരിക്കൻപടിറോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15 ബാരൽ | 3570 | 645 | 3/21.4.20 496399/- |
| 2 | 23/21 അഞ്ചു ടാറിംഗ്മൂല പെരുമ്പ്രാൽ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 24 ബാരൽ | 5712 | 1032 | 10/11.5.20 500851/- 34/25.11.20 494832/- |
| 3 | 60/21 വലിയവീട്ടിൽ തടത്തിലയ്യത്ത് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 37 ബാരൽ | 8806 | 1634 | 31/24.11.20, 529687/- 52/8.2.21,969586/- |
| 4 | 56/21 ഇലഞ്ഞിയുടെ വടക്കേതിൽ അഴീക്കോടൻ ജംഗ്ഷൻ റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16 ബാരൽ | 3808 | 688 | 50/22.1.21 464737/- |
| 5 | 58/21 കുറ്റിതെക്കേതിൽ മലയിൽ ജം. റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 13 ബാരൽ | 3094 | 559 | 38/7.1.21, 499968/- |
| 6 | 48/21 ഉണ്ടിയിൽ മുക്ക് അമ്മായിക്കുന്ന് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9 ബാരൽ | 2142 | 387 | 48/22.1.21 219616/- |
| 7 | 91/21 തട്ടക്കാട്ട് പടി- കിണറ്റിങ്കരയത്ത് പടി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22 ബാരൽ | 5236 | 946 | 18/21.5.20 548183 |
| 8 | 61/21 പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 19 ബാരൽ | 4522 | 817 | 42/8.1.21 497676 |
| 9 | 51/21 പള്ളിമുക്കം ക്ഷേത്രം വട്ടപ്പറമ്പിൽ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4046 | 731 | 42/8.1.21 497676 |
| 10 | 92/21 സരസ്വതി വിലാസം മലർവാടി റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 21 ബാരൽ | 4998 | 903 | 17/20.5.20 |
| 11 | 1/21 ഉണ്ടിയിൽ ജം. പുതുപ്പള്ളിക്കുന്നം ബണ്ട് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 3332 | 602 | 15/20.5.20 567707/- |
| 12 | 94/21 പുത്തൻപുരയ്ക്കൽ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4046 | 731 | 53/1.3.21 458300 |

| | | | | | | |
|---|---|---|---|---|---|---|
| | കുന്നയ്യത്ത് റോഡ് റീ ടാറിംഗ് | | | | | |
| 13 | 96/21 ശ്രീനിലയം മുക്ക് ഉണ്ടത്തിൽമുക്ക് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 23 ബാരൽ | 5474 | 989 | 24/24.9.20 497824/- |
| 14 | 54/21 കല്ലിരിക്കുന്നേൽ കമ്പിളിമല റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17 ബാരൽ | 4046 | 731 | 32/24.11.20 384349 |
| 15 | 39/21, കടക്കലേത്ത് പറപെട്ടി ലക്ഷംവീട് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 11 ബാരൽ | 2618 | 473 | 49/22.1.21 278515 |
| 16 | 55/21 മഠത്തിൽ കടവിങ്കലേത്ത് റോഡ് റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 18 ബാരൽ | 4284 | 774 | 43/8.1.21 499116 |
| 17 | 95/21 കല്ലിരിക്കുന്നേൽ പടി റോഡ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22 ബാരൽ | 5236 | 946 | 25/29.9.20 497709/- |
| | ആകെ | | | 74970 | 13588 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/30.5.22) മറുപടി ലഭ്യമാക്കിയില്ല. ബാരൽ വിലയിനത്തിൽ ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 74,970/-രൂപ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ അടക്കേണ്ടതും ജി.എസ്.ടി.യിനത്തിൽ നഷ്ടമായ 13,588/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-5 പാൽസൊസൈറ്റി കൊച്ചുതറ ജം. റോഡ് റീ ടാറിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ -61/21

അടങ്കൽ -5,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡ്

കരാറുകാരൻ- കെ.ബി.സുഗതൻ, ബിൽ നമ്പർ - 42/8.1.21, 498257/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് അനുബന്ധം 2ൽ ഇനം 1 പ്രകാരം റോഡ് സൈഡ് കോൺക്രീറ്റിംഗിനായി എർത്ത് വർക്ക് എക്സ്കവേഷൻ 2x51.25x0.50x0.10 = 5.125m3 ചെയ്തിട്ടുണ്ട്. കൂടാതെ രണ്ടാമിനമായി കൺസ്ട്രക്ഷൻ ഓഫ് പി.സി.സി. വിത്ത് M-20 ഗ്രേഡ് വിത്ത് ഫോം വർക്ക് 2x51.25x0.50x0.10 = 5.125m3 അളവിൽ ചെയ്തത് 5m3 ൽ പരിമിതപ്പെടുത്തി 8461/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് ഫോംവർക്ക് ആവശ്യമില്ലാത്തതിനാൽ ആകെ മൂല്യത്തിൽ നിന്നും ഫോംവർക്കിന് അനുവദിച്ചിരുന്ന 197.26/m3 നിരക്കിൽ 5m3 ന് 986/- (5x197.26), രൂപ കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയിൽ അധികം പിൻവലിച്ച തുക മെയിന്റനൻസ് ഗ്രാന്റിലേക്ക് തന്നെ തിരിച്ചടക്കേണ്ടതാണ്. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അധികം പിൻവലിച്ച 986/-രൂപ തിരികെ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-6 നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപറയുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിന് കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ സെക്ഷൻ 2112-1, 2016-1 എന്നിവ പ്രകാരം ഫൈൻ ഈടാക്കാതിരിക്കുകയോ/ഈടാക്കിയതിൽ കുറവോ സംഭവിച്ചിട്ടുള്ളതായി കാണുന്നു. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കരാറുകാരൻ ആവശ്യപ്പെടുകയോ അപ്രകാരം അനുവദിച്ച നൽകുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | കരാറുകാരൻ/ പി.എ.സി | എഗ്രിമെന്റ് തീയതി, കാലയളവ് | എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തീയതി | കാല താമസം | ഈടാക്കേണ്ട ഫൈൻ | | ഈടാക്കിയ ഫൈൻ | കുറവ് | ബിൽ നമ്പർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 66/19 (22/21) സ്കൂളുകളുടെ മെയിന്റനൻസ് | അശോകൻ എം. 1170566/- | 20.7.2019 7 മാസം | 19.2.20 | 4.6.20 | 3 മാസം, 16 ദിവസം | 19.5.20 വരെ 1170566x1% | 11705 | 00 | 15867 | 21/26.8.20 632100/- |
| | | | | | | | 4.6.20 വരെ 16 ദിവസം 1170566x2% X16/90 | 4162 | | | |
| | | | | | | | ആകെ | 15867 | | | |
| 2 | 1/21 ഉണ്ടിയിൽ ജം. പുതുപ്പള്ളി കുന്നം ബണ്ട് റോഡ് റീ ടാറിംഗ് | ആനന്ദൻ 579877 | 26.2.2019 6 മാസം | 25.8.19 | 12.2.2020 | 3 മാസം, 78 ദിവസം | 24.11.19 വരെ 579877x1% | 5799 | 11354 | 4496 | 15/20.5.20 567707/- |
| | | | | | | | 12.2.20 വരെ 78 ദിവസം 579877x2% | 10051 | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | X78/90 | | | | |
| | | | | | | | ആകെ | 15850 | | | |
| 3 | 25/21 അങ്കണ വാടി മെയിന്റ നൻസ് രണ്ടാം ഘട്ടം | 1345748 | 6.3.19 7 മാസം | 5.10.19 | 20.3.20 | 5 മാസം, 15 ദിവസം | 5.1.20 വരെ 571345748x1% | 13457 | 00 | 35587 | 12/2.5.20 |
| | | | | | | | 20.3.20 വരെ 74 ദിവസം 1345748x 2%x74/90 | 22130 | | | |
| | | | | | | | ആകെ | 35587 | | | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14/30.5.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈനില്ലാതെ എഗ്രിമെന്റ് വെക്കേണ്ട നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എഗ്രിമെന്റ് വെക്കേണ്ട കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായോ കരാറുകാരൻ അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതായോഫയലിൽ രേഖപ്പെടുത്തലുകളില്ല. എന്നാൽ നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ബിൽ നമ്പർ | ഈടാക്കിയ ഫൈൻ | ഈടാക്കേണ്ട ഫൈൻ | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 6/21 ഇലഞ്ഞിയുടെ വടക്കേതിൽ പാറപ്പുറത്ത് റോഡ് സംരക്ഷണ ഭിത്തി നിർമ്മാണം | ഗോപിനാഥൻ പിള്ള 353159/- | 20.9.2019 | 15.10.2019 | 31.10.19 (4/AE/19-20) | 1/21.4.20 395539/-, | 00 | 3532 | 3532/- |
| 2 | 48/21 തുണ്ടിയിൽ മുക്ക് അമ്മായിക്കുന്ന് റോഡ് റീ ടാറിംഗ് | ഗോപിനാഥൻ പിള്ള 196086/- | 9.7.20 | 24.7.20 | 11.8.20 5/AE/11.8.20 | 48/22.1.21 219616/- | 00 | 1960 | 1960 |
| | ആകെ | | | | | | | | 5492 |

മേൽ സൂചിപ്പിച്ചവിധം നിമാനുസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെയ്ക്കാതിരുന്നതിന് ഫൈൻ ഈടാക്കാതിരിക്കുകയോ/ ഈടാക്കിയതിൽ കുറവോ സംഭവിച്ചിട്ടുള്ളത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/30.5.22) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഇനത്തിൽ നഷ്ടമായ 5,492/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 പദ്ധതി വിഹിതം ചെലവ് ആകെ ചെലവിന് ആനുപാതികമായി ക്രമപ്പെടുത്തിയില്ല

പ്രോജക്ട് നമ്പർ -86/21

അങ്കണവാടികൾക്ക് പുതിയ കെട്ടിടം

അടങ്കൽ -14.50 ലക്ഷം,

(കേന്ദ്രാവിഷ്കൃത ഫണ്ട് 870000/, തദ്ദേശ സ്ഥാപന വിഹിതം-5,80,000/-)

ആകെ ചെലവ്- 12,67,458/-രൂപ

5,80,000/-ചെക്ക് നമ്പർ 917989/26.12.19(ജില്ലാ പഞ്ചായത്ത് വിഹിതം)

6,87,458/- ചെക്ക് നമ്പർ 1492323/28.12.20(കേന്ദ്രാവിഷ്കൃത ഫണ്ട്)

നൂറനാട് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ അങ്കണവാടികൾക്ക് പുതിയ കെട്ടിടം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, 31.3.2018ലെ 223/18 സാ.നി.വ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതിയാണിത്. ഈ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരും തദ്ദേശ സ്വയം ഭരണ വകുപ്പും കെട്ടിട നിർമ്മാണ ചെലവിനത്തിൽ വഹിക്കേണ്ട വിഹിതം 60:40 എന്ന അനുപാതത്തിലാ യിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. തുടർന്ന് വനിത ശിശു വികസന ഡയറക്ടറുടെ 26.9.2018ലെ ICDS/A7 /361217നടപടിക്രമം അനുസരിച്ച് ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണചെലവായ 14.50 ലക്ഷം രൂപയുടെ 60% തുകയായ 8,70,000/ രൂപ 4235-02-102-07 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുവാനും 40% തുകയായ 5,80,000/-രൂപ തദ്ദേശ സ്ഥാപനം വഹിക്കുവാനും വ്യവസ്ഥചെയ്തിരുന്നു.

മേൽ നിർദ്ദേശാനുസരണം പദ്ധതി തയ്യാറാക്കിയെങ്കിലും കെട്ടിട നിർമ്മാണത്തിന് ആകെ ചെലവായ 12,67,458/-രൂപ 60:40 എന്ന അനുപാതത്തിൽ ക്രമപ്പെടുത്തിയില്ല. പ്രസ്തുത നിർദ്ദേശാനുസരണം ചെലവ് ക്രമപ്പെടുത്തുമ്പോൾ 7,60,475/-രൂപ (12,67,458x60%) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും, 5,06,983/-രൂപ (12,67,458x40%) തദ്ദേശ സ്ഥാപന വിഹിതമായും ചെലവഴിക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ക്രമപ്പെടുത്താതെ 5,80,000/-രൂപ ചെക്ക് നമ്പർ 917989/26.12.19 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ചിരിക്കുന്നു. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായ പദ്ധതി വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം പദ്ധതിവിഹിതത്തിൽ നിന്നും അധികം ചെലവഴിച്ച 73,017/-രൂപ ക്രമപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. അതുവരെ പദ്ധതി വിഹിതത്തിൽ നിന്നും അധികമായി ചെലവഴിച്ച 73,017/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ആവശ്യത്തിനുള്ള മെറ്റീരിയൽ ഉപയോഗിക്കാതെ പ്രവൃത്തി നടത്തുന്നു

വർക്ക് കോഡ്- RC/317644, ആകെ പ്രവൃത്തി മൂല്യം-41,2,666/-

FTO-284913/14.12.20

1.പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 1

2020-21ൽ നടപ്പിലാക്കിയപാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 112/20-21 പ്രകാരം 150 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.10 മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 45$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5781.15/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. 45$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 29.25$m^3$ 40mm മെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 1 പ്രകാരം 29.9$m^3$, 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 27.65$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. 27.65$m^3$ 40mm മെറ്റൽ ഉപയോഗിച്ച് 0.65$m^3$ എന്ന നിരക്കിൽ റോഡ് കോൺക്രീറ്റ് ചെയ്യാവുന്ന അളവ് 42.5$m^3$ മാത്രമാണ്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക 42.5$m^3$x5781.15/$m^3$ =245699/-

അനുവദിച്ചത് - 45$m^3$x5781.15/$m^3$ =260152/-

അധികം - 14453/-

2. പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 3

വർക്ക് കോഡ്- RC/317675, ആകെ പ്രവൃത്തി മൂല്യം-212004/-

FTO-416095/12.11.20

പാണ്ഡ്യൻ തോട്- കള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - റീച്ച് 3 എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം 114/20-21 പ്രകാരം 78 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ 0.10 മീറ്റർ കനത്തിൽ 1:4:8 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് 23.4$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 5781.15/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. 23.4$m^3$ കോൺക്രീറ്റിംഗ് വർക്ക് ചെയ്യുന്നതിന് ഒരു ഘനമീറ്ററിന് 0.65$m^3$ എന്ന നിരക്കിൽ 15.21$m^3$, 40mm മെറ്റൽ ആവശ്യമാണ്. അളവ് പുസ്തകം പുറം 1 പ്രകാരം 16.04$m^3$, 40mmമെറ്റൽ സ്റ്റാക്ക് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും 7.5% വോയിഡ്സ് കുറവ് ചെയ്താൽ 14.8$m^3$ മാത്രമേ പ്രവൃത്തിക്കായി ലഭ്യമാവുകയുള്ളൂ. അതിനാൽ റോഡ് നിർമ്മാണ

പ്രവൃത്തിക്ക് ആവശ്യമായ അളവ് മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

14.8m$^3$ 40mm മെറ്റൽ ഉപയോഗിച്ച് 0.65m$^3$ എന്ന നിരക്കിൽ റോഡ് കോൺക്രീറ്റ് ചെയ്യാവുന്ന അളവ് 22.8m$^3$ മാത്രമാണ്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന തുക 22.8m$^3$x5781.15/m$^3$ =131810/-

അനുവദിച്ചത് - 23.4m$^3$x5781.15/m$^3$ =135278/-

അധികം - 3468/-

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 17,921/-രൂപ ഉത്തരവാദികളായ എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-10 തൊഴിലുറപ്പ് പദ്ധതി കയർഭ്രവസ്ത്രം വിരിക്കൽ-അപാകതകൾ

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭ്രവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭ്രവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭ്രവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭ്രവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05 ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭ്രവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05 വീതം അധികമായി ഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭ്രവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.80.8.63ൽ, ച.മീറ്ററിന് 71.662 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. മാമ്പഴക്കുന്ന് തോട് മുതൽ കൈതവളവ് വരെ തോട് പുനരുദ്ധാരണം

വർക്ക് കോഡ്- 384760

M-book No.- 77/20-21

FTO- 963002/26-5-21, 240110/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/3329, 26.2.21 | 1200m$^2$ |
| കയർഭ്രവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 12 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 1200m2 |
| പേജ് 10ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 1200m2, 85,994/-രൂപ (1200 X 71.662/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 1143m$^2$ (1200/1.05) X 71.662/m$^2$ = 81,910/- രൂപ |
| അധികം നൽകിയത്. | | 85994 - 81910 = 4,084/-രൂപ |

2. വാർഡ് 17-ൽ പനക്കൽ കല്ല താഴോട്ട് തോട് പുനരുദ്ധാരണം-

വർക്ക് കോഡ്- 386039

M-book No.- 15/20-21

FTO- No.-960581/28-5-22, 348715/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/3283, 24.2.21 | 1400m$^2$ |
| പേജ് 6ൽ ഉപയോഗിച്ച കയർഭ്രവസ്ത്രത്തിന്റെ അളവ് | | 1400m2 |
| പേജ് 15ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | | 1400m2, 1,00,326/-രൂപ (1400 X 71.662/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 1333m2 (1400/1.05) X 71.662/m2 = 95,525/- രൂപ |
| അധികം നൽകിയത്. | | 100326- 95525= 4,801/-രൂപ |

3. 4 -ാംവാർഡിൽ ആൽത്തറമൂട് പാണ്ഡ്യൻ തോട് പുനരുദ്ധാരണം-

വർക്ക് കോഡ്- 386054

M-book No.- 27/20-21

FTO- ലഭ്യാക്കിയില്ല, 343323/-

| | |
|---|---|
| കയർഭ്രവസ്തം വാങ്ങി സ്റ്റാക്ക് ചെയ്തതായി അളവുപുസ്തകം പേജ് 7ൽ രേഖപ്പെടുത്തിയിട്ടുള്ളത് | 1400m2 |
| പേജ് 5ൽ കയർഭ്രവസ്തം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | 1400m2, 1,00,326/-രൂപ (1400 X 71.662/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | 1333m2 (1400/1.05) X 71.662/m2 = 95,525/- രൂപ |
| അധികം നൽകിയത്. | 100326- 95525= 4,801/-രൂപ |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/30.5.22) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ചവിധം ആകെ അധികം നൽകിയ 13,686/-രൂപ (4084+4801+4801) ഉത്തരവാദികളായ എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ക്രമ നമ്പർ 2ൽ ഫണ്ടില്ലാതിരുന്നതുമൂലം കയർ ഭ്രവസ്തത്തിന് വില നൽകിയിട്ടുള്ളത് 28.5.22ൽ ആണ്.

## 3-11 ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല - സർക്കാരിന് നഷ്ടം

I)പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ റിപ്പോർട്ടു ചെയ്ത തീയതി | അനർഹമായ കാലയളവ്/തുക | തിരികെ ഒടുക്കേണ്ട ആകെ തുക |
|---|---|---|---|---|---|
| 1 | സരസമ്മ കെ.എൻ. കാറ്റാടി തെക്കേതിൽ | വാർദ്ധക്യകാല പെൻഷൻ 104860201455 | 14.3.2020/ 15.5.2020 | 4/2020 മുതൽ 4/2022-വരെയുള്ള 37,400/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/-രൂപ ബാങ്കിന് കൈമാറി (സിൻഡിക്കേറ്റ് ബാങ്ക് A/c 4114220004701) | 39,000/- |
| 2 | ഭാസ്കരൻ പിള്ള, നമ്പിയേത്ത്, പുലിമേൽ | വാർദ്ധക്യകാല പെൻഷൻ 104860201232 | 17.5.2020/ 22.7.2020 | 6/2020 മുതൽ 9/2021 വരെയുള്ള 24,600/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 10/2021 മുതൽ 5/2022 വരെയുള്ള 12,800/-രൂപ ബാങ്കിനു കൈമാറിയിട്ടുണ്ട് | 37,400/- |
| 3 | പങ്കജാക്ഷി, നെടുമ്പുറത്ത് വീട് | കർഷകത്തൊഴിലാളി പെൻഷൻ 104860100525 | 4.6.2020./ 21.7.2020 | 7/2020 മുതൽ 4/2022 വരെയുള്ള 33,500/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 | 35,100/- |

| | | | | | |
|---|---|---|---|---|---|
| | | | | ലെ 1,600/-രൂപ ബാങ്കിനു കൈമാറി (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | |
| 4 | രത്നമ്മ, ഷിബുഭവനം | വിധവ പെൻഷൻ 104860600790 | 7.8.2020/ 20.8.2020 | 9/2020 മുതൽ 4/2022 വരെയുള്ള 30,900/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്. | 32,500/- |
| 5 | വാസുദേവൻപിള്ള, പഴയശ്ശേരിൽ, എടക്കുന്നം | കർഷകത്തൊഴിലാളി പെൻഷൻ 104860100311 | 15.9.2020/ 1.10.2020 | 10/2020 മുതൽ 4/2022 വരെ 29,500/-രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/- രൂപ ബാങ്കിനു കൈമാറി (എസ്.ബി.എ) | 31,100/- |
| 6 | സദാനന്ദൻ, മായാ ഭവനം | വാർദ്ധക്യകാല പെൻഷൻ 104860201859 | 13.8.2020/ 16.9.2020 | 9/2020 മുതൽ 4/2022 വരെ 26800/- രൂപ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022ലെ 1,600/- രൂപ ബാങ്കിനു കൈമാറി(എസ്.ബി.എ) | 28,400/- |
| 7 | ഗോപാലകൃഷ്ണൻ നായർ | ,, 104860200977 | 28.8.2020/ 24.9.2020 | 9/2020 മുതൽ 11/2020 വരെയും 5/2021 മുതൽ 4/2022 വരെ യുമുള്ള 23,400/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 12/2020 മുതൽ 4/2021 വരെയുള്ളതും 5/2022ലെയും തുകയായ 9,100/- രൂപ ബാങ്കിനു കൈമാറി | 32,500/- |
| 8 | ദേവയാനി, നല്ലവീട്ടിൽ തെക്കേതിൽ | കർഷകത്തൊഴിലാളി പെൻഷൻ 104860100102 | 8.9.2020/ 24.9.2020 | 10/2020ലെ 600/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 11/2020 മുതൽ 5/2022 വരെയുള്ള 11,400/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (എസ്.ബി.ഐ) | 12,000/- |
| 9 | ടി.കെ.കുട്ടൻ, ചിറ്റക്കാട്ടുലക്ഷംവീട് | വാർദ്ധക്യകാല പെൻഷൻ 104860200517 | 14.9.2020/ 14.10.2020 | 10/2020 മുതൽ 4/2022 വരെയുള്ള 29,800/- രൂപ | 31,400/- |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | |
| 10 | രാജേന്ദ്രൻ ഉണ്ണിത്താൻ, പുലിത്തിട്ടയിൽ, കിടങ്ങയം | ,, 104860201682 | 21.10.2020/ 4.11.2020 | 11/2020 മുതൽ 4/2022 വരെയുള്ള 10,800/- രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (എസ്.ബി.ഐ) | 11,400/- |
| 11 | വിജയമ്മ, പരുമ്പളത്ത്, എടപ്പോൺ | ,, 104860200862 | 27.11.2020/ 31.12.2020 | 12/2020 ലെ 1,500 രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 1/2021 മുതൽ 5/2022 വരെയുള്ള 26,900/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് | 28,400 |
| 12 | മാധവൻ കെ., മാധവ സദനം | കർഷകത്തൊഴിലാളി പെൻഷൻ 104860100210 | 8.1.2021/ 20.1.2021 | 2/2021 മുതൽ 4/2021 വരെയുള്ള 4,600/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2021 മുതൽ 5/2022 വരെയുള്ള 20,800/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ) | 25,400/- |
| 13 | പൊന്നമ്മ, കൃഷ്ണഭവനം, പാറ്റൂർ | വാർദ്ധക്യകാല പെൻഷൻ 104860200791 | 24.1.2021/ 8.2.2021 | 2/2021 മുതൽ 4/2021 വരെയുള്ള 23,800/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 5/2022 ലെ 1,600/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സിൻഡിക്കേറ്റ് ബാങ്ക്) | 25,400/- |
| 14 | കാർത്യായനി, മലയിൽ കിഴക്കേ തെക്കേതിൽ | വിധവ പെൻഷൻ 104860600091 | 14.1.2021/ 8.2.2021 | 2/2021 മുതൽ 3/2021 വരെയുള്ള 3,000/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ചു. 4/2021 മുതൽ 5/2022 വരെയുള്ള 22,400/-രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട് (സിൻഡിക്കേറ്റ് | 27,400/- |
| 15 | ചന്ദ്രൻപിള്ള, | വാർദ്ധക്യകാല പെൻഷൻ | 19.10.2020/ | 10/2020 മുതൽ | 31,400/- |

| | | | | | |
|---|---|---|---|---|---|
| | നിഖിൽ നിവാസ് കിടങ്ങയം | 104860201316 | 27.10.2020 | 5/2022 വരെയുള്ള 31,400/-രൂപ സഹകരണ ബാങ്കിന് കൈമാറി | |
| 16 | ജാനകി, മേലേതിൽ എടപ്പുര | കർഷകത്തൊഴിലാളി പെൻഷൻ 104860100357 | 31.8.2020/ 24.9.2020 | 9/2020 മുതൽ 5/2022 വരെയുള്ള 32,500/-രൂപ സഹകരണ ബാങ്കിന് കൈമാറി | 32,500/- |
| 17 | കമലാക്ഷി, കളരിരത്ത്, ആറ്റുവ | വിധവ പെൻഷൻ 104860600049 | 25.12.2020/ 20.1.2021 | 1/2021 മുതൽ 5/2022 വരെയുള്ള 28,300/-രൂപ സഹകരണ ബാങ്കിന് കൈമാറി. ഇതിൽ 3/2022,4/2022 മാസങ്ങളിലെ തുകയായ 3,200/- രൂപ വ്യക്തി കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു | 28,300/- |
| 18 | ബേബി സക്കറിയ, കണിയാംപറമ്പിൽ | കർഷകത്തൊഴിലാളി പെൻഷൻ 104860100112 | 5.12.2020/ 31.12.2020 | 1/21 മുതൽ 5/2022 വരെയുള്ള 10,800/-രൂപ സഹകരണ ബാങ്കിന് കൈമാറി | 10,800/- |
| 19 | മത്തായി, എത്തോണിൽ, പടനിലം | വാർദ്ധക്യകാല പെൻഷൻ 104860202675 | 16.12.2020 31.12.2020 | 1/2021 മുതൽ 5/2022 വരെയുള്ള 28,300/-രൂപ സഹകരണ ബാങ്കിന് കൈമാറി | 28,300/- |
| 20 | അന്നമ്മ ജോർജ് വഴനപ്പുഴ പടീറ്റതിൽ | വാർദ്ധക്യകാല പെൻഷൻ 104860200997 | 24.8.2020/ 24.9.2020 | 9/2020 മുതൽ 5/2022 വരെയുള്ള 32,900/-രൂപ സഹകരണബാങ്കിന് കൈമാറി | 32,900/- |
| 21 | ടി.എസ്.മോഹനൻ, തുണ്ടിൽ പടീറ്റതിൽ വീട്ടു | വികലാംഗപെൻഷൻ 104860400077 | 6.9.2020/ 1.10.2020 | 8/2020 മുതൽ 5/2022 വരെയുള്ള 32,500/-രൂപ സഹകരണബാങ്കിന് കൈമാറി | 32,500/ |
| 22 | കാർത്യായനി അമ്മ ചക്കേലത്തുവീട്, എടപ്പോൺ | 50 വയസുകഴിഞ്ഞ അവിവാഹിതരായവർക്കുള്ള പെൻഷൻ 10486050035 | 19.2.21/ 15.3.2021 | 3/21 മുതൽ 5/22 വരെയുള്ള 25,400/-സഹകരണ ബാങ്കിന് കൈമാറി | 25,400/- |
| | ആകെ | | | | 6,19,500/- |

മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരഅവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കിയും, ബാങ്കുകളുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കേരളബാങ്കിലെ പെൻഷൻ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെയും വിശദാംശം അറിയിക്കേണ്ടതാണ്.

2) ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത്

പരിധിയിൽ ജോസ്കോ മൾട്ടി സ്പെഷാലിറ്റി ഹോസ്പിറ്റൽ, കെ.സി.എം ഹോസ്പിറ്റൽ തുടങ്ങിയ സ്വകാര്യ ആശുപത്രികൾ സ്ഥിതിചെയ്യുന്നതിനാൽ മറ്റ് പഞ്ചായത്തുകളിലെയും മരണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശം നിലവിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർ നമ്പർ ലഭ്യമാക്കിയാൽ മാത്രമേ ഏതു പ്രാദേശിക സർക്കാരിലാണോ പെൻഷൻ അനുവദിച്ചിരിക്കുന്നത് അതേ പ്രാദേശിക സർക്കാരിലേയ്ക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനും സാധിക്കുകയുള്ളൂ. ആയതിനാൽ മരണം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നമ്പർ അവശ്യരേഖ തന്നെയാണ്.

2020-21 ൽ രജിസ്റ്റർ ചെയ്ത മരണപ്പെട്ടവരുടെ വിവരം പരിശോധിച്ചതിൽ താഴെപ്പറയുന്നവർ മറ്റുപഞ്ചായത്തുകളിലെ പെൻഷൻ ലിസ്റ്റിൽ ആക്ടീവായി തുടരുന്നു.

| പേര്/വിലാസം | മരിച്ച തീയതി/ റിപ്പോർട്ട് ചെയ്ത തീയതി | പ്രാദേശിക സർക്കാർ | പെൻഷൻ തരം/ഐഡി |
|---|---|---|---|
| ലൂസി, ഹോളികൃൻസ്, പുലിമേൽ | 16.2.2021/16.3.2021 | മാവേലിക്കര താമരക്കുളം പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ/ 104890202559 |
| ദിവാകരൻ ടി.കെ., തെക്കുളത്തിൽ | 19.3.2020/17.4.2020 | പാലമേൽ ഗ്രാമപഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ/ 104910203288 |

ടി വിവരം റിപ്പോർട്ടുചെയ്ത് അറിയിക്കേണ്ടതാണ്.

3) പഞ്ചായത്തിന്റെ സേവന പെൻഷൻ ഡാറ്റാ ബേസ് ഓപ്പൺ ചെയ്യുമ്പോൾ തന്നെ "സഹകരണ സംഘങ്ങൾ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയ വിവരങ്ങൾ സസ്പെൻഡു ചെയ്യാൻ ബാക്കിയുണ്ട്" എന്ന് മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇതിൽ 155 പേരുടെ പേരുവിവരങ്ങൾ നല്കിയിരിക്കുന്നതിൽ എല്ലാവരുടെയും പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.33/31.5.20222) നൽകിയതിന് മറുപടി ലഭ്യമായില്ല. ഈ ലിസ്റ്റിൽ നിന്നും എല്ലാവരെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും സസ്പെൻഡ് ചെയ്തിരിക്കുന്നവയിൽ അനർഹമായ കാലയളിൽ നല്കിയിട്ടുള്ള തുകകൾ തിരികെ ഒടുക്കുവരുത്തിയോ എന്ന് ഉറപ്പാക്കേണ്ടതുമാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയുംചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

3) പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള പെൻഷൻ തുക 6,19,500 രൂപ തിരികെ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതുവരെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 300000 | അങ്കണവാടി പോഷകാഹാര പ്രോജക്ടുകൾ | 236556 | 63444 |
| | | 500000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 500000 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ പ്രോജക്ട് | 0 | 100000 |
| | | 300000 | പാലിന് സബ്സ്ഡി (വനിത) | 300000 | 0 |
| | | | | | |
| | | 325000 | നെൽകൃഷി വികസനം എസ് സി | 325000 | 0 |
| | | 1216434 | നെൽകൃഷി വികസനം ( ജനറൽ) | 1216434 | |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 700000 | നെൽകൃഷി വികസനം ( ജനറൽ) | 700000 | 0 |
| | | 500000 | പഞ്ചായത്തിലെ വിവിധപ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ നീട്ടൽ | 500000 | 0 |
| | | 100000 | അങ്കണവാടി പോഷകാഹാര പ്രോജക്ടുകൾ | 100000 | 0 |
| | | 100000 | പാലിന് സബ്സ്ഡി(ജനറൽ) | 100000 | 0 |
| | | 600000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 600000 | 0 |
| | | 1200000 | ലൈഫ് ഭവന പദ്ധതി (എസ് സി) | 1200000 | |
| | | 300000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന337289/-രൂപയും ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്ന 235800/- രൂപയും പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 5,00,000 | 4,99,513 | 487 |
| KSEB | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്മെയിൻ നീട്ടൽ | 12,00,000 | 6,72,683 | 5,27,317 |
| KSEB | പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈൻ നീട്ടൽ | 1,00,000 | 96,270 | 3,730 |
| KWA | സമ്പൂർണ്ണ കുടിവെള്ള പദ്ധതി (ജൽജീവൻ മിഷൻ) വിഹിതം | 16,00,000 | 0 | 16,00,000 |
| KWA | സ്കൂളുകളിലേക്ക് കുടിവെള്ള കണക്ഷൻ | 1,72,520 | 0 | 1,72,520 |
| KWA | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ (ജനറൽ) | 2,00,000 | 0 | 2,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 00 | 18,371,722 | 41,49,294 | | 1,42,22,428 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിത്താത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 17(1), (2) | 2003-2004 | 3 | അനാവശ്യമായി നൽകിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനം സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസി. ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ് ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,37,24,818 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,02,14,729 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,65,546 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,81,445 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,892 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 3-2 | 95,575 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 3-3 | 1,59,516 | ശ്രീ.ഋഷി എസ്., ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-4 | 74,970 | ശ്രീ.ശ്രീജിത്ത് എ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 986 | ശ്രീ.ശ്രീജിത്ത് എ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 17,921 | ശ്രീ.എം.പ്രദീപ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | | ശ്രീമതി ചിത്ര വി., എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 13,686 | ശ്രീ.എം.പ്രദീപ് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | | ശ്രീമതി ചിത്ര വി., എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3,65,546 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,30,000 | ശ്രീ.എം.പ്രദീപ്കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 6,72,683 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 1-27 | 5,88,138 | ശ്രീ.കെ.ജി.ഹരികുമാർ, സെക്രട്ടറി |
| 1-29 | 17,607 | ഡോ.സിമി ആർ., മെഡിക്കൽ ഓഫീസർ |
| 3-8 | 73,017 | ശ്രീ.ശ്രീജിത്ത് എ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 14,81,445 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | 13,588/- |
| 3-11 | 6,19,500 |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-36

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഋഷി എസ്.,<br>ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്, മാവേലിക്കര | വിവേകാനന്ദഭവനം,<br>ക്ലാപ്പനവടക്ക് പി.ഒ. |
| ശ്രീ.ശ്രീജിത്ത് എ.എച്ച്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | കോയിപ്പുറം ഗ്രാമ പഞ്ചായത്ത്, പുല്ലാട് പി.ഒ. | അമ്പോലിൽ ഹൗസ്, കൊഴുവല്ലൂർ പി.ഒ., ചെങ്ങന്നൂർ |
| ശ്രീ.കെ.ജി.ഹരികുമാർ,<br>സെക്രട്ടറി | സെക്രട്ടറി, നൂറനാട് | പല്ലവി, ചെട്ടികുളങ്ങര പി.ഒ., മാവേലിക്കര |

| | | |
|---|---|---|
| ഡോ.സിമി ആർ., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഇട്ടിവ ചെറുകുളം പി.ഒ. | വസന്ത വിലാസം, ചെന്നക്കോട്ട്, ഒട്ടിയൂർ, വർക്കല |
| ശ്രീ.എം.പ്രദീപ് കുമാർ അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് | മുരളീ സദനം, പുതിയവിള നോർത്ത്, കരീലക്കുളങ്ങര പി.ഒ. |
| ശ്രീമതി ചിത്ര വി., എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ | എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ നൂറനാട് | തറയിൽ മീനത്തേതിൽ, തത്തംമുന്ന, നൂറനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ജി.എ5/1832/11 |
| 2002-03 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.2015 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03.2016 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-/55/2017/25.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി-6/1384 /2017/13.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി./പി-6/1676/2018/ 05.12.2018 |
| 2018-19 | കെ.എസ്.എ-എ.എൽ.പി./പി-6/1169 തീ.20.05.20 |
| 2019-20 | കെ.എസ്.എ-എ.എൽ.പി./പി-6/266 തീ.30.03.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്